കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2024 ഫെബ്രുവരി
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**വിത്ത്**
പാർവതി
(ചിത്രപുസ്തകം)
വില ₹50



**പച്ചനിറമുള്ളവൾ**
സിനാഷ
(നോവൽ)
വില ₹110




**അച്ഛൻ പറഞ്ഞ കഥകൾ**
ജ്യോതിലക്ഷ്മി നമ്പ്യാർ
(നോവൽ)
വില ₹160




**ആനക്കഥകൾ** (നോവൽ)
ശാന്തി രാധാകൃഷ്ണൻ
വിവർത്തനം സന്ധ്യ ശശിധരൻ
വില ₹100



**കഴുതകളുടെ അമ്പലം**
(കഥ)
പി വത്സല
വില ₹60



**കുണ്ടറവിളംബരം**
(വൈജ്ഞാനികം)
ഹരിദാസൻ
വില ₹210



**ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള**
(ജീവചരിത്രം)
എൻ എസ് സുമേഷ്കൃഷ്ണൻ
വില ₹60

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471 –233 3790, e-mail : director@ksicl.org

**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483

ACCOUNT NUMBER : 67178297569. IFSC : SBIN0000941

---

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**

**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**

**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**

**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഫെബ്രുവരി 2024
വില ₹25
വാർഷികവരിസംഖ്യ ₹250

ഉള്ളടക്കം



## എലി

**സച്ചിദാനന്ദൻ**

6

എലികളുമൊരു നാൾ
പുലിയായ് മാറും
കനവൊന്നുണ്ടെ-
ന്നെലിഹൃദയത്തിൽ.

## വിശ്വവിഖ്യാത മൂക്കുകൾ

16

**വിജയകുമാർ ബ്ലാത്തൂർ**

മനുഷ്യന് മൂക്ക് ശ്വാസം കഴിക്കാനും മണമറിയാനും മാത്രമുള്ള അവയവമായിരിക്കാം. പക്ഷേ മറ്റു പല ജീവികൾക്കും മൂക്ക് അങ്ങനെ മാത്രമല്ല.



## ഉറുമ്പുകളും നീലശലഭവും

**എസ് ശാന്തി**

8



ഉറുമ്പുകളും
നീലശലഭങ്ങളും
തമ്മിലുള്ള
സഹജീവനം ഏറെ
രസകരമാണ്. ആ
പാരസ്പര്യത്തിന്റെ
കഥയറിയാം.

പരുക്കേറ്റ കുട്ടി.........7
കുമാരനാശാൻ
മണ്ണിരദൂരങ്ങൾ.........12
അരുൺ രവി
ഓപ്പൺ ബോട്ട്.........22
സ്റ്റീഫൻ ക്രെയ്ൻ
പുനരാഖ്യാനം: രജ്ന കെ ആസാദ്
എവറസ്റ്റ് – ഉയരങ്ങളിലേക്കുള്ള എന്റെ യാത്ര.........26
വിപിൻ വിൽഫ്രഡ്
കാറ്റ്.........29
എൻ പി ചന്ദ്രശേഖരൻ
പഴങ്ങളുടെ സുഗന്ധം.........30
ഡോ. വിഷ്ണു വി എസ്
പദം.........33
സാബു കോട്ടുക്കൽ
തുമ്പപ്പൂവെന്തേ വെളുത്തിരിക്കാൻ.........34
സീമ ശ്രീലയം
വിദ്യാധനം.........36
പള്ളിയറ ശ്രീധരൻ
ക്വാറന്റൈന്റെ കഥ.........38
ഡോ. അരുൺകുമാർ കെ വി
അതിമോഹം ആപത്ത്.........40
എൻ റസിയ
ഇളംതളിര്.........42
ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ.........46

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ, ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**ജാസില ലുലു**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: ബോബി എം പ്രഭ



# ദേശീയശാസ്ത്രദിനം ആചരിക്കാം

1928 ഫെബ്രുവരി 28. ഇന്ത്യയ്ക്കും സയൻസിനും ഏറെ പ്രാധാന്യമുള്ള ഒരു ദിനം. രാമൻ ഇഫക്റ്റ് എന്ന പ്രതിഭാസത്തെക്കുറിച്ച് ലോകം അറിഞ്ഞ ദിവസം. സി വി രാമൻ എന്ന ശാസ്ത്രപ്രതിഭയുടെ പരീക്ഷണനിരീക്ഷണങ്ങളിൽ തെളിഞ്ഞ ഈ ശാസ്ത്രപ്രതിഭാസത്തിന് ഇന്ന് ഒട്ടേറെ ഉപയോഗങ്ങളുണ്ട്. രാമൻ ഇഫക്റ്റ് സംബന്ധിച്ച പ്രബന്ധം ലോകത്തിനു സമർപ്പിച്ച ഫെബ്രുവരി 28 ഇന്ത്യ ദേശീയ ശാസ്ത്രദിനമായി ആചരിച്ചുവരുന്നു.

ഇന്ത്യയുടെ പ്രശ്നങ്ങൾക്കു പരിഹാരം സയൻസാണെന്ന് സി വി രാമൻ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. ആ അഭിപ്രായത്തിന് ഇന്നും ഏറെ പ്രാധാന്യമുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയുടെ വികാസത്തിൽ സയൻസിനുള്ള പങ്ക് ഏറെയായിരുന്നു. ഹരിതവിപ്ലവം അടക്കം ഇന്ത്യയുടെ ഒട്ടുമിക്ക പദ്ധതികളുടെയും വിജയം സയൻസിലർപ്പിച്ച വിശ്വാസമായിരുന്നു എന്നു പറയാം.

രാമൻ ഇഫക്റ്റ് കണ്ടെത്തിയതിന് 1930ൽ അദ്ദേഹത്തെ നൊബേൽ സമ്മാനവും തേടിയെത്തി. ഫിസിക്സിൽ നൊബേൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരനായിരുന്നു രാമൻ.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽനിന്ന് 1948ൽ വിരമിച്ചശേഷവും രാമൻ വെറുതെയിരുന്നില്ല. ബാംഗ്ലൂരിൽ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് മരണംവരെ അതിന്റെ ഡയറക്ടറായി പ്രവർത്തിക്കുകയും ചെയ്തു. 1970ലായിരുന്നു രാമന്റെ മരണം. രാമന്റെ ആഗ്രഹപ്രകാരം മതപരമായ ചടങ്ങുകൾപോലുമില്ലാതെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽത്തന്നെ അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിക്കുകയായിരുന്നു.

സി വി രാമൻ എന്ന സയന്റിസ്റ്റിനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും നിങ്ങൾ കുട്ടികൾ അറിഞ്ഞിരിക്കണം. വളരെ ലളിതമായി മനസ്സിലാക്കാനാവുന്ന പ്രതിഭാസമാണ് രാമൻ ഇഫക്ട്. രാമൻ പ്രഭാവം എന്താണെന്നും അതിന്റെ പ്രത്യേകത എന്താണെന്നും ഇപ്പോൾ ആ പ്രതിഭാസത്തെ നമ്മൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തുന്നു എന്നുമെല്ലാം നിങ്ങൾ അന്വേഷിക്കണം. പഠിക്കണം. ദേശീയ ശാസ്ത്രദിനം ഏറ്റവും ഉചിതമായ രീതിയിൽ ആചരിക്കുകയും വേണം.

അന്താരാഷ്ട്ര മാതൃഭാഷാ ദിനം, ലോക റേഡിയോ ദിനം, ലോക സാമൂഹ്യനീതി ദിനം തുടങ്ങിയവയും ഫെബ്രുവരിയിലാണ്. ആ ദിനങ്ങളുടെ പ്രാധാന്യം അറിയാനും ആചരിക്കാനുംകൂടി നമ്മൾ തയ്യാറാവണം.

അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ഒരു ജനതയെ മോചിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവരെ സയൻസ് പഠിപ്പിക്കുകയെന്നതാണ്. ശാസ്ത്രബോധമുള്ള ജനതയ്ക്ക് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പ്രതിരോധിക്കാനാകും. അതിനാൽ ആഴത്തിൽ സയൻസ് പഠിക്കുക. ശാസ്ത്രബോധത്തെ ജീവിതശൈലിയാക്കി മാറ്റിത്തന്നെ സയൻസിനെ അറിയുക.

**അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ഏറ്റവും മികച്ച പ്രതിരോധം സയൻസാണ്.**

***സയൻസാൽ ദീപ്തമീ ലോകം
സയൻസാലഭിവൃദ്ധികൾ
സയൻസെന്യേ തമസ്സെല്ലാം
സയൻസിന്നു തൊഴുന്നു ഞാൻ***

**എന്ന് സഹോദരൻ അയ്യപ്പൻ സയൻസ് ദശകത്തിൽ എഴുതിയതും അതുകൊണ്ടാണ്. ദേശീയ ശാസ്ത്രദിനം ശാസ്ത്രബോധത്തിലൂന്നിയ മനോഭാവത്തോടെ നമുക്ക് ആചരിക്കാം.**

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

# ഹോർത്തൂസ് മലബാറിക്കൂസിലൂടെ

## അശോകം

**ശാസ്ത്രീയനാമം: സറാക്ക അശോക**
(Saraca Asoca)



അശോകം എന്നാൽ ശോകം (വേദന ഇല്ലാത്തത്) എന്നു വിവക്ഷ. ഏതുവിധത്തിലുള്ള വയറുവേദനയും ഭേദമാക്കാനുള്ള ഔഷധഗുണം മൂലമാണ് ഇങ്ങിനെ പേരിട്ടത്.

**ഔഷധഗുണങ്ങൾ**
ഇലകൾ ചതച്ചെടുത്ത നീര് ജീരകപ്പൊടിയും ചേർത്തുനൽകിയാൽ ഉദരശൂലകാരണമായ വേദന മാറും. ഇലകൾ പൊടിച്ചത് ചെറുനാരങ്ങയും പഞ്ചസാരയും ചേർത്തുകഴിച്ചാൽ രക്തം വർധിക്കയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# എലി

**സച്ചിദാനന്ദൻ**

ചില ചിലയെന്നു
ചിലച്ചാലപ്പോൾ
മിഴികൾ തുറുപ്പി-
ച്ചെത്തും നിങ്ങൾ.

കറ കറയെന്നു
കരണ്ടെന്നാലോ
വരവായ് വടിയും
കുന്തവുമായി.

ഇവിടെയെലിക്കും
ജീവിക്കേണ്ടേ?
ചെറുവാലുള്ളൊരു
പൗരൻ ഞാനും.

മതിയാം സ്വൽപ്പ-
മെനിക്കാഹാരം,
മധുരവു,മുപ്പും
പുളിയും പ്രിയമാം

കരളാനല്ലേ
പല്ലുകൾ തന്നൂ,
കരളല്ലാത്തത്
കരളും സകലം.

ഇരുളിലൊളിക്കും
ചെറുമീശയുമായ്
ഇരുപല്ലിന്റെ
തിളക്കത്തിൽ ഞാൻ.

പൂച്ച പതുങ്ങി
വരുമ്പോൾ വാലും
പൊക്കിയൊളിച്ചിടു-
മെൻ മാളത്തിൽ.

എലികളുമൊരു നാൾ
പുലിയായ് മാറും
കനവൊന്നുണ്ടെ-
ന്നെലിഹൃദയത്തിൽ.

കലവറ നിങ്ങൾ
തുറക്കുമ്പോൾ ഞാൻ
അലറിച്ചാടി
വരും മിന്നൽ പോൽ.

അലമാരകളിൽ,
അടുപ്പിനു മുകളിൽ,
തുറുകണ്ണായി-
യുദിച്ചിടുമപ്പോൾ.



വര: വെങ്കി

# പരുക്കേറ്റ കുട്ടി

കുമാരനാശാൻ

അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ കരൾ വാടി
പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
ക്കരയായ്കോമനേ വരുന്നു ഞാൻ.

പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
കുരുന്നു കൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽക്കയറി വീണോമൽ-
ച്ചെറുകാൽമുട്ടുകൾ ചതഞ്ഞിതേ!

മറിച്ചിട്ടിപ്പടം മുകളിൽ നിന്നയ്യോ!
മുറിച്ചിതേ പൊന്നിൻ നിറുകയും
മുറിയിൽക്കട്ടിന്മേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ.

കരുതേണ്ട തല്ലുമിതിനായ് ഞാനെന്നു,
കരയേണ്ട നോവുമകന്നു പോം
അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ.

ഉരച്ചിവണ്ണമക്ഷതമോരോന്നുമേ
തിരിക്കു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ.




വര: സുധീർ പി വൈ

പുഷ്പവാടി എന്ന കവിതാസമാഹാരത്തിലെ ഒരു കവിതയാണ് പരുക്കേറ്റ കുട്ടി. 1919 ലാണ് ഈ കവിത രചിക്കപ്പെടുന്നത്. പിന്നീട് പുഷ്പവാടി എന്ന കവിതാസമാഹാരത്തിലൂടെ ഈ കവിത ഏറെ പ്രശസ്തമായി.

# ഉറുമ്പുകളും നീലശലഭവും

എസ് ശാന്തി

**ജീവലോകത്തെ ഒരു വിസ്മയ പ്രതിഭാസമാണ് സഹജീവനം(symbiosis). രണ്ടു വ്യത്യസ്ത സ്പീഷീസിൽപ്പെട്ട ജീവികൾ പരസ്പരം സഹായിച്ച് ജീവിക്കുന്ന പ്രതിഭാസമാണിത്. കടലിലും കരയിലും അടക്കം ഭൂമിയിൽ എല്ലായിടത്തുമുള്ള പല ജീവികളിലും ഇത് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ പരസ്പരം ആശ്രയിച്ചു നിലനിൽക്കുന്ന രണ്ടു ജീവികളിൽ ഒന്നിന് വംശനാശം വന്നാൽ മറ്റേ ജീവിക്കും നിലനിൽക്കാൻ കഴിയാതെ വരും. അത്രമാത്രം ബന്ധമാണ് ഈ രണ്ടു ജീവികൾ തമ്മിൽ ഉണ്ടാവുക. ഉറുമ്പുകളും നീലശലഭവും തമ്മിലുള്ള പരസ്പരാശ്രയബന്ധവും ഇത്തരത്തിൽ ഒന്നാണ്.**



◀ തൈം ചെടിയിലെ പൂവിൽ വന്നിരിക്കുന്ന വലിയ നീലശലഭം.
Photo: Paul Ritchie

ജീവശാസ്ത്രജ്ഞരെ ഏറെ വിസ്മയിപ്പിച്ച കഥയാണ് നീലശലഭത്തിന്റേത്. ഒരുതരം കാട്ടു തൈം ചെടിയുടെ (Wild Thyme) ഇലകൾ ഭക്ഷിച്ച് വളരുന്ന ശലഭപ്പുഴുക്കൾ (Caterpillars) ഒരു ദിവസം പെട്ടെന്ന് അപ്രത്യക്ഷരാവും. പിന്നീട് കുറേനാൾ കഴിഞ്ഞ് അതിസുന്ദര നീലശലഭങ്ങൾ എവിടെ നിന്നോ പറന്നെത്തും. ഇതായിരുന്നു പതിവ്.

തയ്യാറെടുക്കുന്ന ശലഭപ്പുഴുക്കൾ എങ്ങനെ ഉറുമ്പിൻകൂട്ടിൽ എത്തി?

തൈം ചെടിയിൽ ഇല തിന്നു വളരുന്ന ശലഭപ്പുഴുക്കൾ ഒരു ഘട്ടത്തിൽ താഴെയിറങ്ങി മണ്ണിൽ അലക്ഷ്യമായി നടക്കും. ആ സമയത്ത് പുഴുവിന്റെ ശരീരത്തിലെ ഒരു ഗ്രന്ഥി മധുരമുള്ള ദ്രാവകം ഉത്പാദിപ്പിക്കും. നടക്കുന്ന വഴിയിൽ കാണുന്ന ഉറുമ്പുകളെ ഈ മധുരം കൊടുത്ത്



ദി ഗ്രേറ്റർ ലാർജ് ബ്ലൂ ചിത്രശലഭത്തിന്റെ പുഴുവിന് (caterpillar) സ്വന്തം ലാർവകളെ തിന്നാൻ കൊടുക്കുന്ന ഉറുമ്പുകൾ.
Photo: T. Komatsu

ഈ പൂമ്പാറ്റകളെ പരീക്ഷണശാലകളിൽ വളർത്താൻ ശ്രമിച്ചു ചില ശാസ്ത്രജ്ഞർ. പക്ഷേ നിരാശയായിരുന്നു ഫലം. മുട്ട വിരിഞ്ഞു ലാർവയാകും. പക്ഷേ ഈ ലാർവപ്പുഴുക്കൾ കൂടപ്പുഴു അഥവാ പ്യൂപ്പ ആവുന്നതിനു മുമ്പ് പട്ടിണി കിടന്നു ചത്തുപോവും.

1915-ലാണ് ശലഭപ്പുഴുക്കളുടെ ഈ തിരോധാനത്തിന്റെ രഹസ്യം ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞത്. ഒരു ചിത്രശലഭവിദഗ്ധൻ തൈം ചെടികൾക്കിടയിൽ നീലശലഭത്തിന്റെ പുഴുക്കളെ തേടുകയായിരുന്നു. ഉറുമ്പിൻകൂട്ടിലായിരുന്നു ആ തൈം ചെടി വളർന്നുനിന്നിരുന്നത്. അതിനെ അദ്ദേഹം മൂടോടെ പറിച്ചെടുത്തു. പക്ഷേ ചെടികളിലായിരുന്നില്ല ആ ലാർവകളെ കണ്ടെത്തിയത്. ശാസ്ത്രജ്ഞനെ വിസ്മയിപ്പിച്ചുകൊണ്ട് അതാ ആ ഉറുമ്പിൻകൂട്ടിനകത്തു നിറയെ നീലശലഭത്തിന്റെ ശലഭപ്പുഴുക്കൾ! സ്വന്തം ശരീരത്തിൽനിന്ന് ഉത്പാദിപ്പിക്കുന്ന നൂലുകൊണ്ടു തീർത്ത കൂടിനകത്ത് സമാധിയിരിക്കാൻ

പുഴുക്കൾ ആകർഷിക്കും. ഒരു പ്രത്യേക തരത്തിൽ പുഴുക്കൾ ശരീരം വളയ്ക്കുമ്പോൾ ഉറുമ്പുകൾക്ക് അവയെ നിഷ്പ്രയാസം തോളിലേറ്റി അവയുടെ കൂട്ടിലേക്കു കൊണ്ടുപോവാൻ കഴിയും. ഉറുമ്പിൻകൂട്ടിൽ അവയ്ക്കു മധുരം നൽകി ശലഭപ്പുഴുക്കൾ കുറേദിവസം വിശിഷ്ടാതിഥികളായി വാഴും. സ്പർശിനികളും(Antennae) കാലുകളും കൊണ്ട് ഉറുമ്പുകൾ അവയെ തലോടുമ്പോൾ ഈ പുഴുക്കൾ ധാരാളം മധുരലായിനി വിസർജിക്കും. ഉറുമ്പുകളാവട്ടെ പകരം അവയുടെ കുഞ്ഞുങ്ങളെ പുഴുക്കൾക്ക് തിന്നാൻ നൽകുകയും ചെയ്യും. സുരക്ഷിതവും സുഖകരവുമായി ഉറുമ്പിൻകൂട്ടിൽ ഏതാനും ആഴ്ച താമസിച്ച ശേഷം പൂർണ്ണവളർച്ചയെത്തിയ പുഴുക്കൾ (Chrysalis) കൂടുണ്ടാക്കി അതിനകത്തുറങ്ങും. വസന്തകാലത്തിന്റെ തുടക്കത്തിൽ രൂപാന്തരപ്രാപ്തി(Metamorphosis) നേടിയ നീലശലഭങ്ങൾ ഉറുമ്പിൻകൂട് വിട്ടു പുറത്തിറങ്ങി പറന്നുപോവും. ഉറുമ്പുകൾക്ക് മധുരവും

ശലഭപ്പുഴുവിന് സംരക്ഷണവും ആഹാരവും ഈ സഹജീവനബന്ധത്തിൽനിന്ന് ലഭിക്കുന്നു.

പൂമ്പാറ്റകൾ ഉറുമ്പുകളുമായി ഉണ്ടാക്കുന്ന ചങ്ങാത്തത്തെ ഉറുമ്പുസ്നേഹം(Myrmecophily) എന്നാണു പറയുക. ലൈക്കാനിടെ(Lycaenidae) എന്ന കുടുംബത്തിൽപ്പെട്ട 6000 സ്പീഷീസ് ചിത്രശലഭങ്ങൾ മിക്കവയും ഉറുമ്പുസ്നേഹികളാണ്.



Crematogaster_peringueyi എന്ന വിഭാഗത്തിൽപ്പെട്ട കറുത്ത നിറമുള്ള ഉറുമ്പുകൾ. ബ്ലാക്ക് കോക്ക് ടെയിൽ ആന്റ് എന്നാണ് ഇവയെ വിളിക്കുക. ആഫ്രിക്കൻ സ്വദേശികളാണിവർ. ഇന്ത്യയിൽ കാണപ്പെടുന്ന കോക്ക്ടെയിൽ ഉറുമ്പുകളുടെ അതേ വിഭാഗക്കാരാണ് ഇവരും.

Photo: Peter Slings / Wikimedia Commons

പല പല രീതികളിൽ ആണ് അവ ഈ സ്നേഹം പ്രകടിപ്പിക്കുക. ഈ ശലഭങ്ങളുടെ പുഴുക്കളുടെ ശരീരത്തിൽ ചെറിയ സുഷിരങ്ങൾ ഉണ്ട്. Pore Cupola എന്നാണീ കുഞ്ഞുദ്വാരങ്ങളെ വിശേഷിപ്പിക്കുന്നത്. ശലഭപ്പുഴുക്കളെ ആക്രമിക്കുന്ന ഉറുമ്പുകളെ പ്രീതിപ്പെടുത്താൻ ഈ ദ്വാരങ്ങളിലൂടെ ചില പുഴുക്കൾ ഒരുതരം പദാർത്ഥങ്ങൾ വിസർജിക്കുന്നു. മറ്റു ചില പുഴുക്കൾ അവയുടെ ശരീരത്തിലെ ബട്ടൺ പോലുള്ള പുള്ളികളിലൂടെയും ചെറിയ സ്പർശനികൾ വഴിയും ഉറുമ്പുകൾക്കിഷ്ടപ്പെട്ട മധുരലായിനി വിസർജിക്കുന്നു. നല്ല മധുരമുള്ള പൂന്തേൻ (Nectar) പോലുള്ള ദ്രാവകമാണ് മറ്റു ചില പുഴുക്കൾ ഉറുമ്പുകൾക്കു നൽകുക.

ഉറുമ്പുകളുമായുള്ള ഈ ചങ്ങാത്തം പൂമ്പാറ്റകൾക്ക് ചെലവേറിയതാണെങ്കിലും ശലഭപ്പുഴുക്കൾ ചിത്രശലഭങ്ങളായി വളരാനെടുക്കുന്ന നീണ്ട കാലത്ത് അവയ്ക്ക് ഉറുമ്പുകളുടെ സഹായം കൂടിയേതീരൂ. ചില പുഴുക്കൾ ഒന്നോ രണ്ടോ കൊല്ലമാണ് ഉറുമ്പിൻകൂടുകളിൽ സുഖമായി താമസിക്കുക. ശത്രുക്കളിൽനിന്ന് സംരക്ഷണം കിട്ടാനും സുഖകരമായ വാസത്തിനുമൊക്കെ ഉറുമ്പിൻകൂടുകളെ ലോലശരീരമുള്ള പുഴുക്കൾക്ക് ആശ്രയിച്ചേ മതിയാവൂ.

ചുരുക്കം ചില ജാതി പൂമ്പാറ്റകളുടെ പുഴുക്കൾ മാത്രമേ ഉറുമ്പുകളുടെ കുഞ്ഞുങ്ങളെ ഭക്ഷിക്കുകയുള്ളൂ. മിക്ക ശലഭപ്പുഴുക്കളും ഉറുമ്പുകളെ പൂർണ്ണമായി ആശ്രയിക്കുകയും ഉറുമ്പുകൾ ഛർദിക്കുന്ന (Regurgitate) പാതി ദഹിപ്പിച്ച ഭക്ഷണം കഴിക്കുകയുമാണ് ചെയ്യുന്നത്.

ഇന്ത്യൻ ദേശ്യജാതിയായ ഒരുതരം ഉറുമ്പുസ്നേഹി ശലഭങ്ങളെക്കുറിച്ചുള്ള (The Lilac Silverline (Apharitis lilacinus)) പഠനങ്ങൾ വളരെ രസകരമായ വിവരങ്ങളാണു നൽകുന്നത്. ഒരുതരം ഉറുമ്പുകളുടെ (Cocktail Ant, Crematogaster hodgsoni) കൂടുകൾക്കരികിൽ ആണ് ഈ ശലഭങ്ങൾ മുട്ടയിടുന്നത്.

മുട്ട വിരിഞ്ഞു പുഴുക്കൾ പുറത്തിറങ്ങുമ്പോൾ ഉറുമ്പുകൾ അവയുടെ ശരീരത്തിൽനിന്നുള്ള മധുരലായനി കുടിക്കുകയും അവയെ ചുമലിലേറ്റി സ്വന്തം കൂടുകളിലേക്കു കൊണ്ടുപോവുകയും ചെയ്യുന്നു. ശലഭങ്ങളായി മാറി പറന്നുപോവും വരെ ശലഭപ്പുഴുക്കളെ ഉറുമ്പുകൾ കരുതലോടെ പരിപാലിക്കുന്നു.

നീലശലഭങ്ങളെപ്പോലെതന്നെ അന്യം നിന്നുപോയി എന്നു കരുതിയ ഈ ലൈലാക്

ശലഭവും, ഈ അടുത്തകാലത്ത് വീണ്ടും കണ്ടെത്തിയെങ്കിലും, ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ചിത്രശലഭമാണ്. കർണാടക വനം വകുപ്പിന്റെ മേൽനോട്ടത്തിലാണ് സൂക്ഷ്മ സി ടി സ്കാൻ (Microtomography, or Micro-CT) ഉപയോഗിച്ചുള്ള ഗവേഷണം ശാസ്ത്രജ്ഞർ നടത്തുന്നത്.

ബാഹ്യവും ആന്തരികവുമായ സഹജീവനത്തിന്റെയും പരസ്പരപ്രാണബന്ധങ്ങളുടെയും സുരക്ഷിതവലയിൽ ആണ് എല്ലാ ജീവനും മനുഷ്യനും അഭയം തേടുന്നത് എന്ന് ജീവജാലങ്ങൾ തമ്മിലുള്ള ഇത്തരം പരസ്പരാശ്രിത ബന്ധങ്ങളുടെ കഥകൾ വ്യക്തമാക്കുന്നു.

**പരിഭ്രാന്തരാവുമ്പോൾ ക്രിമറ്റോഗാസ്റ്റർ ഉറുമ്പുകൾ വാല് പെട്ടെന്ന് പൊക്കും. അതുകൊണ്ടാണ് അവയെ കോക്ക്ടെയിൽ ഉറുമ്പുകൾ (Cocktail Ants) എന്ന് വിളിക്കുന്നുന്നത്. ഞാണിൻമേൽ കളിക്കാർ (Acrobat Ants) എന്നും അവരെ വിളിക്കാറുണ്ട്. ലോകത്താകെയുള്ള ഇരുപതിനായിരത്തിൽ അധികം ജാതി (Species) ഉറുമ്പുകളിൽ 430 ജാതി ക്രിമറ്റോഗാസ്റ്റർ ഉറുമ്പുകളാണ്.**



ലൈലാക്ക് വെള്ളവരശലഭം (The Lilac Silverline) എന്നു പേരുള്ള നീലിശലഭം. ഈ ശലഭത്തിന്റെ പുഴുക്കളും ഉറുമ്പുകളുമായി സഹജീവനത്തിൽ ഏർപ്പെടുന്നവയാണ്.
Photo: U Ajith /Wikimedia Commons ▶

# മണ്ണിരദൂരങ്ങൾ!

**അരുൺ രവി**



ദളവാപുരം ജംഗ്ഷനിൽനിന്നു ചെറുന്നിയൂർമുക്കുവരെ കൃത്യമായി പറഞ്ഞാൽ 5000 മണ്ണിരദൂരമുണ്ട്. ഒരു ശരാശരി മണ്ണിരയുടെ നീളമാണ് ഒരു മണ്ണിരദൂരം. അതായത് ഏതാണ്ട് 15 സെന്റീമീറ്റർ നീളം. നമ്മുടെ ശിവസുബ്രഹ്മണ്യൻ ഒരു ശരാശരി മണ്ണിരയാണ്. അപ്പോ എത്ര ദൂരമുണ്ടെന്ന് നിങ്ങൾക്ക് ഊഹിക്കാല്ലോ.

ദളവാപുരത്തെ മണ്ണിരകൾക്ക് അങ്ങ് 'ദുഫായി'ൽ പോവുന്നപോലെയാണ് ചെറുന്നിയൂർ ജംങ്ഷനിൽ പോക്ക്. ഭാഗ്യം ചെയ്ത ചിലർ മാത്രം ചിലപ്പോൾ വല്ല മൺവെട്ടിയുടെ തുഞ്ചത്തും കേറിയിരുന്ന് അവിടെ പോയേക്കും. അങ്ങനെ പോവുന്നവർ പിന്നെ തിരിച്ചു വരത്തൊന്നുമില്ല. കുറേനാള് നിന്ന്, പി ആറും സിറ്റിസൺസൺഷിപ്പും ഒക്കെയെടുത്ത് അവരവിടെ സ്ഥിരതാമസമാക്കിക്കളയും.

ചിലർ മാത്രം നൊസ്റ്റാൾജിയയുടെ അസ്കിത സഹിക്കാൻ വയ്യാണ്ട് 'തിരികേ ഞാൻ വരുമെന്ന വാർത്ത കേൾക്കാനായി, ദളവാ(പുരം) കൊതിക്കാറുണ്ടെന്നും...' എന്ന പാട്ടൊക്കെ പാടി ഇങ്ങോട്ടു വരുന്ന മൺവെട്ടി ഫ്ലൈറ്റിൽ കയറി നാട്ടിൽ വരും. വന്നാലോ പിന്നെ പൊങ്ങച്ചത്തോട് പൊങ്ങച്ചമാണ്. ചെറുന്നിയൂർമുക്കിലെ അഞ്ചു റോഡ് കൂടുന്നയിടത്തെ വണ്ടികളുടെ തിരക്ക്, അവിടത്തെ രാമൻപിള്ളയപ്പൂപ്പന്റെ റേഷൻ കടയുടെ മുന്നിലെ മണ്ണെണ്ണപ്പാട്ടയുടെ വലിപ്പം, ഗോപിപ്പിള്ളയപ്പൂപ്പന്റെ തുണിക്കടയിലെ തയ്യൽമെഷീനിന്റെ ശബ്ദം, കിച്ചൂസ് ബേക്കറിയിലെ അലുവയുടെ രുചി, പ്രസന്നണ്ണന്റെ കടയിലെ നാരങ്ങാസോഡയുടെ പതച്ചിൽ, തിലകൻ മാമന്റെ ഹാർഡ്‌വെയർഷോപ്പിലെ പെയിന്റിന്റെ മണം, കാർത്തിക ബേക്കറിയുടെ മുന്നിൽ കാവൽ കിടക്കുന്ന 'മടിയൻ' എന്ന, മുട്ട പഫ്സ് മാത്രം തിന്നുന്ന അധോലോകനായയുടെ കുരയ്ക്കൽ... വിശേഷങ്ങൾ പറഞ്ഞാലും പറഞ്ഞാലും തീരൂല്ല..

ശിവസുബ്രഹ്മണ്യൻ ചെറുപ്പം മുതൽക്ക് ഈ ബഡായികൾ കേട്ടുവളർന്നതാണ്. അതുകൊണ്ടാവാം എങ്ങനെ

വര: ബാസി മറിയം

യെങ്കിലും ചെറുന്നിയൂർമുക്കിൽ പോയി ഒരു ബിസിനസ്സ് സാമ്രാജ്യം കെട്ടിപ്പടുത്ത് വലിയ കോടീശ്വരനാവണമെന്ന ജീവിതാഭിലാഷം അവനുണ്ടായത്. അതിനായി ദളവാപുരം റേഡിയോ പാർക്കിലെ 'മാത്തൻ മണ്ണിര മെമ്മോറിയൽ അംഗനവാടി'യിൽ പഠിക്കുന്ന സമയം തൊട്ടുതന്നെ അവൻ പലപല വേലകളും നോക്കി.

ഒരിക്കൽ വഴിയിൽക്കൂടി പോവുകയായിരുന്ന ഒരു കെ. എസ്. ആർ. ടി. സി. ബസ്സിൽ ചാടിക്കേറാൻ നോക്കി. ഭാഗ്യം കൊണ്ട് ചാട്ടം മുഴുമിപ്പിക്കുന്നതിനു മുന്നേ, ബസ്സ് അതിന്റെ പാട്ടിനുപോയി. അല്ലേല് ശിവസുബ്രഹ്മണ്യൻ ടയറിന്മേല് ചമ്മന്തിപ്പരുവത്തിൽ ചെറുന്നിയൂരിലെത്തിയേനെ.

വേറൊരു തവണ, 'കാലിഫോർണിയയിലേക്കു പോവുന്ന ഒരു കാളവണ്ടി ചെറുന്നിയൂർ ജംഗ്ഷൻ വഴി, നിനക്കുവേണ്ടി മാത്രം തിരിച്ചുവിടാം' എന്ന പുന്നാരവർത്തമാനം പറഞ്ഞ് ഗഫൂർക്കാ ദോസ്ത് എന്ന ഒരു കുരുവി അവനെ വശത്താക്കി. കുരുവികളുടെ കൂട്ടിൽ അന്നു രാത്രി മണ്ണിര ബിരിയാണിക്ക് വെള്ളംവച്ചിട്ടുണ്ട് എന്ന രഹസ്യവിവരം മണത്തറിഞ്ഞ സോയിൽ പ്രൊട്ടക്ഷൻ ഫോഴ്സിലെ ചില കമാൻഡോകൾ വളരെ സാഹസികമായാണ് അന്നവനെ രക്ഷിച്ചത്.

'വീണ്ടാമതു'മൊരിക്കൽ ഒരു മഴവെള്ളച്ചാലിലൂടെ ഏതോ പിള്ളേര് ഒഴുക്കിവിട്ട വഞ്ചിയിൽ കയറി അവൻ തന്റെ യാത്ര തുടങ്ങാൻനോക്കി. പോകുന്ന പോക്കിൽ വലിയൊരു കാറ്റടിച്ച് ആ കടലാസ്സുവഞ്ചിയിൽനിന്ന് തെറിച്ചുവീണതുകൊണ്ട്, മൂന്നാം മിനിറ്റിൽ മുങ്ങിപ്പോയ ആ ടൈറ്റാനിക്കിനുള്ളിലിരുന്ന് അവന് രക്തസാക്ഷിയാവേണ്ടി വന്നില്ല.

പിന്നെയും പലവട്ടം, പല രീതിയിൽ അവൻ നാടുവിടാൻ ശ്രമിച്ചു. ഫ്ലൈറ്റും, ബോട്ടും, കാറും, ബസ്സും, പട്ടവും, പാൽവണ്ടിയും എന്തിന് സൈക്കിൾ ചെയിനിൽവരെ കയറിപ്പോകാൻ അവൻ നോക്കി. നാട്ടുകാരും വീട്ടുകാരും തിരിച്ചുകൊണ്ടുവരികയോ പാരവയ്ക്കുകയോ ചെയ്തു. അല്ലേല് വണ്ടിക്കാര്, 'നിനക്ക് പ്രായപൂർത്തിയായില്ല' എന്ന കാരണം പറഞ്ഞ് ഇറക്കിവിട്ടു!

അങ്ങനെ നടക്കാതെപോയ യാത്രകളുടെ വേദന കാരണം ശിവസുബ്രഹ്മണ്യത്തിന് സങ്കടമായി, പിണക്കമായി, ദളവാപുരത്തിന്റെ എന്റയർ സോഷ്യൽ ഫാബ്രിക്കിനോടുതന്നെ വാശിയായി.

ഇത്തരത്തിൽ, പലവട്ടം ശ്രമിച്ചിട്ടും നടക്കാതെപോയ ആ യാത്രയാണ് അവൻ ഇന്നലെയുച്ചയ്ക്ക് തുടങ്ങിവച്ചത്. ഇന്നലെയ്ക്ക് എന്താ പ്രത്യേകതയെന്നാണോ? ഇന്നലെയായിരുന്നു ആ സുദിനം - ശിവസുബ്രഹ്മണ്യത്തിന് ഒരു വയസ്സ് തികഞ്ഞ് പ്രായപൂർത്തി വോട്ടവകാശം ലഭിച്ച ആ ദിവസം!

വോട്ടേഴ്സ് ഐ ഡി കൈയിൽ കിട്ടിയ ഉടനേ അവൻ തന്റെ തീരുമാനം ലോകത്തിനോടു വിളിച്ചുപറഞ്ഞു:

"എല്ലാരുടേം ശ്രദ്ധയ്ക്ക്... ഞാൻ ചെറുന്നിയൂർക്ക് പോവ്വാ... ഇനി അവിടെച്ചെന്ന് വലിയ ബിസിനസ് മാഗ്നറ്റൊക്കെയായി, ശിവസുബ്രഹ്മണ്യം എന്ന ഈ ലൊടുക്ക് പേര് മാറ്റി 'ഷിവ് എസ്. മാനി' എന്ന സ്റ്റൈലൻ പേരൊക്കെയിട്ടിട്ടേ ഞാനീ നാട്ടിൽ കാലുകുത്തൂ.."

"ഡാ... മക്കളേ, നീയിവിടെ ഞാനും മണ്ണുകുഴിച്ച്, സുന്ദരിയായ ഒരു മണ്ണിരക്കൊച്ചിനേം കെട്ടി ഞങ്ങളടെ കൂടെ ജീവിക്കെടാ..." എന്ന അച്ഛനമ്മമാരുടെ കണ്ണീരിൽ കുതിർന്ന സോപ്പിടലുകളെ അവൻ മൈൻഡ് ചെയ്യതുപോലുമില്ല. എന്നിട്ട് 'ആർക്കുമെന്നെ തടുക്കാനാവില്ല' എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ശിവസുബ്രഹ്മണ്യൻ എന്ന ഷിവ് എസ്. മാനി റോഡിലേക്കിറങ്ങി.

"ചെറുന്നിയൂരേ, എന്റെയുയിരേ, ഞാനിതാ വരുന്നു..." എന്ന് മുദ്രാവാക്യം മുഴക്കി നടക്കാൻ തുടങ്ങിയ അവനു ചുറ്റും ദളവാപുരത്തിന്റെ മണ്ണിരലോകത്തിലെ പ്രമുഖരെല്ലാം ഇഴഞ്ഞെത്തി; 'പോണ്ടാ'ന്ന് പറയാനല്ല... 'റ്റാറ്റാ' പറയാൻ!

"ഡാ സുബ്രൂ, നിന്റെ ഫ്ലൈറ്റ് എപ്പഴാ? മാർത്താണ്ഡനപ്പൂപ്പന്റെ മൺവെട്ടിയിലാണോ നീ പോവുന്നേ? അതോ ലൂയീസ് അപ്പൂപ്പന്റെ പിക്കാക്സിലോ?" എന്ന അഭ്യുദയകാംക്ഷികളുടെയെല്ലാം ചോദ്യങ്ങളെ പുച്ഛത്തോടെ ചിരിച്ചുതള്ളി ശിവസുബ്രഹ്മണ്യൻ വീണ്ടും പ്രഖ്യാപിച്ചു:

"പിന്നേ... ഫ്ലൈറ്റ്! ഇതുവരെ ഞാൻ പോവാൻ നോക്കിയപ്പോഴൊക്കെ അതൊക്കെ എവിടെയായിരുന്നു? ഇനി ഞാൻ ഫ്ലൈറ്റിലും ബസ്സിലും വഞ്ചീലും ഒന്നിലും പോണില്ല. എന്റെ ഗാന്ധിയപ്പൂപ്പനെപ്പോലെ, ഞാനിവിടെ നിന്ന് നടന്നുപോവും. എന്നിട്ട് അപ്പൂപ്പൻ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ബുക്ക് എഴുതിയപോലെ ഞാനും ഒരു ബുക്ക് എഴുതും. എന്നിട്ടതിന് 'ചെറുന്നിയൂരിനെ

**"ഡാ... മക്കളേ, നീയിവിടെഞാനും മണ്ണുകുഴിച്ച്, സുന്ദരിയായ ഒരു മണ്ണിരക്കൊച്ചിനേം കെട്ടി ഞങ്ങളടെ കൂടെ ജീവിക്കെടാ..." എന്ന അച്ഛനമ്മമാരുടെ കണ്ണീരിൽ കുതിർന്ന സോപ്പിടലുകളെ അവൻ മൈൻഡ് ചെയ്യതുപോലുമില്ല. 'ആർക്കുമെന്നെ തടുക്കാനാവില്ല' എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഷിവ് എസ്. മാനി റോഡിലേക്കിറങ്ങി.**

കണ്ടെത്തൽ' എന്ന പേരിടേം ചെയ്യും."

"മോനേ സുബ്രൂ, 'ഇന്ത്യയെ കണ്ടെത്തൽ' എഴുതിയത് ഗാന്ധിയല്ല, നെഹ്റുവാണെന്റെ കുട്ടീ..." എന്ന് റിട്ടയേഡ് ഹെഡ്മാഷ് എം കെ മുൻഷി മണ്ണിര പറഞ്ഞത് അവൻ കേട്ടില്ലാന്ന് നടിച്ചു.

എന്നിട്ട് അയ്യായിരം മണ്ണിര ദൂരങ്ങൾ ഇഴഞ്ഞു തീർക്കാനായി ലവൻ രണ്ടും കല്പിച്ച് ഇറങ്ങിത്തിരിച്ചു!

-----

**അ**യ്യായിരം ഒരു ചെറിയ സംഖ്യയല്ല എന്ന് അഞ്ചാമത്തെ മണ്ണിരദൂരത്തിൽത്തന്നെ അവനു ബോധ്യമായി. എന്റമ്മോ, എന്തൊരു ചൂടാ... അതും ചുട്ടു പഴുത്തു കിടക്കുന്ന റോഡിന്റെ ഓരത്തൂടെയുള്ള ഈ യാത്ര! മോശം റൂട്ട് സെലക്ഷൻ. പോരാഞ്ഞിട്ട് ടൈമിങ്ങും ശരിയല്ല. ഈ മീനമാസത്തിൽത്തന്നെ വേണമായിരുന്നോ എന്റെയീ സാഹസം എന്നവൻ സ്വയം ചോദിച്ചുപോയി. എന്തായാലും ഇറങ്ങിപ്പോയി. ഇനി തിരിച്ചു ചെന്നാൽ എല്ലാരും കൂടി വളഞ്ഞിട്ട് കൂവും.

പിന്നേ, ഈ ഷിവ് എസ്. മാനി അഭിമാനിയാണ്. തിരിച്ചു പോവ്വൂല്ലാ... പോവ്വൂല്ലാ... പോവ്വൂല്ലാ...

പത്താമത്തെ മണ്ണിരദൂരം എത്തിയപ്പോ ഷിവ് എസ്. മാനി ലേശം തലകുനിച്ചിട്ട്, ഉള്ളിലെ അഭിമാനിയോടു ചോദിച്ചു.

"അണ്ണാ... മ്മക്ക് തിരിച്ച് പോയാലോ?"

"ഇല്ലാ... ഞാൻ പോവ്വൂല്ലാ."

അഭിമാനിയുടെ തീരുമാനം ഉറച്ചതായിരുന്നു.

ഇരുപതാമത്തെ മണ്ണിരദൂരത്തിൽ എത്തിയ ഷിവ് എസ്. മാനി അഭിമാനിയോട് പറഞ്ഞു:

"ഡേയ്... ഞാൻ തിരിച്ചു പോണു. നീ വേണേ വാ..."

'ചത്താലും വരൂല്ലെടാ...' ന്നായി അഭിമാനി. ഹെന്തൊരു കഷ്ടമാണ്! ഓരോരോ പൊല്ലാപ്പുകളേ...

സഹികെട്ട് ലവൻ കിതച്ചും കുഴഞ്ഞും ഇഴഞ്ഞുതുടങ്ങി. മുന്നിൽ ഒരിക്കലും തീരാത്ത പോലെ നീണ്ട വഴി തിളച്ചു കിടക്കുന്നുണ്ട്. ടാറിട്ട റോഡിന്റെ നടുക്ക് പൊരിവെയിലിൽ ചൂടുകാറ്റു പൊങ്ങിപ്പരക്കുന്നു. വഴിയോരത്തെ ചെറുചെടികളെല്ലാം വേനൽച്ചൂടിൽ ഉണങ്ങിക്കരിഞ്ഞു നിൽപ്പാണ്. പേരിനുപോലും ഒരു തണലില്ല. ഒരു പാവം മണ്ണിരയ്ക്ക് ഇത്രയും ദൂരം ഒറ്റയ്ക്കു യാത്ര ചെയ്യാനാവില്ല എന്ന ഭീകരസത്യം ചുമ്മാ ഞെളിഞ്ഞു നിന്ന് ആരെയൊക്കെയോ നോക്കി പല്ലിളിച്ചുകൊണ്ടിരുന്നു.

ഷിവ് ശിവനായി... അവന്റെ കണ്ണിൽ നിന്ന്, (സോറി. മണ്ണിരകൾക്ക് കണ്ണില്ലല്ലോ..., ശരീരത്തിൽനിന്ന്) പൊന്നീച്ചയും കുരുട്ടീച്ചയും പിന്നെ വേറെന്താണ്ടൊക്കെയോ ഈച്ചകളും പറക്കാൻ തുടങ്ങി.

'ഞാനിപ്പൊ ചാവുമേ...' എന്നായി ഭാവം. ഉള്ളിലെ അഭിമാനി സൺ സ്ട്രോക്ക് അടിച്ചു കിടപ്പായത് കാരണം ഒന്നും മിണ്ടുന്നുമില്ല. ഇപ്പോ നടപ്പോമീറ്ററിൽ തെളിഞ്ഞത് ഇരുന്നൂറ് മണ്ണിരദൂരം.

'സിവനേ... ഇതേത് ജില്ല?' എന്ന് ശിവസുബ്രു ചുറ്റും പരതി. ഒന്നും പിടികിട്ടിയില്ല.. തൊലിപ്പുറത്തെ വെളിച്ചം മങ്ങിത്തുടങ്ങി. "ഒന്നുകിൽ രാത്രിയാവുന്നു. അല്ലേൽ ബോധംപോകുന്നു. എന്തോ ഒന്ന് സംഭവിക്കുന്നു..." അവനോർത്തു, 'ഇല്ല... രാത്രിയല്ല...'

പോയി! അതുതന്നെ... ലവന്റെ ബോധം!

അല്പം കഴിഞ്ഞപ്പോ, നേരം വെളുത്തു. അല്ല. ബോധം തെളിഞ്ഞു. തൊലിപ്പുറത്ത് പരന്ന വെളിച്ചത്തിന്റെ വേലിയേറ്റത്തിൽ അവന് രണ്ട് നീണ്ട ചുണ്ടിന്റെ ഫീല് കിട്ടി.

'ഈ ചുണ്ടുകൾ ഞാനെവിടെയോ...' ഒരു നിമിഷം ആലോചിച്ചുനിന്ന അവൻ പെട്ടെന്ന് ബോധോദയത്താൽ ഞെട്ടിത്തരിച്ചു.

'ഹമ്മോ... കാക്ക! എന്റെ കാര്യം കട്ടപ്പൊക. കൂട്ടിലെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം തേടിയിറങ്ങിയതോ മറ്റോ ആവും. ഞാനാണല്ലോ ഇന്നവരുടെ ബുഫേ...'

എന്തുചെയ്യണമെന്നറിയാതെ ശിവസുബ്രു തരിച്ചു നിന്നു.

നിമിഷങ്ങൾ കഴിഞ്ഞു. ഒന്നും സംഭവിച്ചില്ല. വീണ്ടും കുറച്ചുനേരം കഴിഞ്ഞപ്പോൾ തന്റെ ശരീരത്തിലും ചുറ്റുമുള്ള മണ്ണിലും തണുത്ത വെള്ളത്തുള്ളികളുടെ ഒഴുക്ക് അവന് മനസ്സിലാക്കാൻ കഴിഞ്ഞു. മിസ്റ്റർ കാക്കച്ചൻ മണ്ണിരയ്ക്ക് കുടിനീരിറ്റിക്കുകയാണ്. ചാവാൻ പോവേണെന്ന് വിചാരിച്ചിട്ടാവണം. കടുത്ത ഡീഹൈഡ്രേഷൻ കാരണം മൃതപ്രായനായിരുന്നല്ലോ മിസ്റ്റർ ശിവ്സുബ്രു.

മണ്ണിരസുബ്രുവിന് ഇത് ഒരു ഞെട്ടിക്കുന്ന തിരിച്ചറിവായിരുന്നു. 'തിന്നാൻ കിട്ടിയ ഇരയ്ക്ക് ഗ്ലൂക്കോസുകൊടുക്കുന്ന ജീവികളുണ്ടോ? ഈ കാക്ക ഏതോ കിളിപോയ ടീമാണ്. ഇയാൾക്കെന്നെ തിന്നണ്ടേ..?' അവൻ ആലോചിച്ചുകൊണ്ട്

'ഹമ്മോ... കാക്ക! എന്റെ കാര്യം കട്ടപ്പൊക. കൂട്ടിലെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം തേടിയിറങ്ങിയതോ മറ്റോ ആവും. ഞാനാണല്ലോ ഇന്നവരുടെ ബുഫേ...' എന്തു ചെയ്യണമെന്നറിയാതെ ശിവസുബ്രു തരിച്ചുനിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ തന്റെ ശരീരത്തിലും ചുറ്റുമുള്ള മണ്ണിലും തണുത്ത വെള്ളത്തുള്ളികളുടെ ഒഴുക്ക് അവൻ തിരിച്ചറിഞ്ഞു.

വെള്ളത്തിൽ കിടന്ന് പുളഞ്ഞു. അല്പനേരം കഴിഞ്ഞപ്പോ, നല്ല മണ്ണിരഭാഷയിൽ 'കൽമഷൻ' എന്നു പേരുള്ള ആ കാക്ക ചോദിച്ചു:

"അല്ലാ... നീ എങ്ങോട്ടാ? സ്വബോധമുള്ള മണ്ണിരകളൊന്നും ഈ സമയത്ത് ഇതുവഴി വരാറില്ലല്ലോ... നീയെന്താ നാടുവിടാനുള്ള പ്ലാൻ വല്ലോം ആയിരുന്നോ? കണ്ടപ്പഴേ തോന്നി ഒരു കിളിപോയ ടീമാണെന്ന്."

'തിന്നാൻ കിട്ടണ ഇരയോട് കിന്നാരം പറയണ നിങ്ങക്കാടോ കാക്കച്ചാ കിളിപോയത്...'ന്ന് പറയണമെന്ന് അവനു തോന്നി. പിന്നെ സ്വന്തം ആരോഗ്യത്തെപ്പറ്റി ആലോചിച്ച് അവൻ പറഞ്ഞു...

"നേരാ തിരുമേനീ... ഈപ്പച്ചൻ പള്ളിക്കൂടത്തിൽ... ശ്ശേ... ഡയലോഗ് മാറിപ്പോയി. ഞാൻ നാടുവിടാനിറങ്ങിയതാ. എനിക്ക് ചെറുന്നിയൂർമുക്കിൽ പോവണം. എന്നെയൊന്ന് അവിടെ കൊണ്ടാക്കിത്തരുമോ?"

കൽമഷൻ 'കക്കകാ'ന്ന് ചിരിച്ചു. എന്നിട്ടു പറഞ്ഞു:

"എനിക്ക് തോന്നി. തിന്നത് എല്ലിന്റേടേല് കേറുമ്പോ ഇങ്ങനെ പലതുമുണ്ടാവും. ഞാനെന്തായാലും നിന്നെ കൊണ്ടാക്കാം. എനിക്കും ആ വഴിക്കാ പോവേണ്ടത്. വൈകുന്നേന് മുൻപ് സുരേഷണ്ണന്റെ ബേക്കറിയിൽ നിന്നേ ഒരു മുട്ടപഫ്സ് കഴിക്കാനുള്ളതാ."

"അപ്പോ നിങ്ങൾക്ക് ഞങ്ങൾ മണ്ണിരകളേം, മനുഷ്യന്മാരുടെ എച്ചിലും ഒന്നും വേണ്ടേ തിന്നാൻ?"

ശിവസുബ്രു ആകാംക്ഷയോടെ ചോദിച്ചു.

"ഏയ്.. ഞാൻ അഹിംസാവാദിയാണ്. ശുദ്ധവീഗൻ... എനിക്ക് പാവം ജീവികളെ തിന്നുന്നത് ഇഷ്ടമല്ല. പിന്നെ ലേശം ഓ സി ഡിയും ഉണ്ട്. എച്ചിലും ബാക്കിവന്നതും ഒന്നും ഞാൻ കഴിക്കൂല്ല."

'ഓ... ഒരഹിംസാവീഗൻ! മുട്ടപഫ്സിലെ മുട്ട പിന്നെ പ്രിന്റ് ചെയ്തെടുക്കുന്നതല്ലേ'ന്ന് വീണ്ടും ശിവസുബ്രഹ്മണ്യത്തിന് ചോദിക്കാൻ തോന്നി.. പക്ഷേ ചോദിച്ചില്ല.

എന്തായാലും ഇരുന്നൂറ് മണ്ണിരദൂരം മുതൽ, കൽമഷൻ കാക്കയുടെ കാലിൽ ചുരുണ്ടിരുന്ന് ശരിക്കുമുള്ള ഫ്ലൈറ്റ് മോഡിലായിരുന്നു പിന്നീട് ശിവസുബ്രഹ്മണ്യത്തിന്റെ യാത്ര. പറക്കുന്ന ഓരോ നിമിഷവും അവൻ ദൂരം കണക്കുകൂട്ടിക്കൊണ്ടിരുന്നു. ആകാശത്തുനിന്നുള്ള കാഴ്ച അതിമനോഹരമാണ്. വലിയ ടാർ റോഡിന്റെ ഇരുവശത്തും വിശാലമായ മൺപാതകൾ കൂടിയുണ്ട്. അതിനു ചുറ്റും മീനച്ചൂടിലും തലയുയർത്തി നിൽക്കുന്ന മരങ്ങൾ. ഇടയ്ക്കിടയ്ക്ക് തലപൊക്കി നോക്കുന്ന വലിയ കെട്ടിടങ്ങൾ. ഉരുണ്ടുരുണ്ട് പോകുന്ന മനുഷ്യവാഹനങ്ങൾ. റോഡരികിൽ കയ്യാങ്കളി നടത്തുന്ന തെരുവുപട്ടികൾ. ഫ്ലൈറ്റ് ക്രോസ് ചെയ്തു പോകുന്ന കുരുവികളും തത്തകളും കുട്ടുറുവന്മാരും മരംകൊത്തികളും. അടിപൊളി തന്നെ! ആയിരം മണ്ണിരദൂരവും രണ്ടായിരവും മൂവായിരവും കഴിഞ്ഞു. ഇപ്പോൾ ചെറുന്നിയൂർമുക്കിന്റെ ദൂരക്കാഴ്ച കാണാൻ കഴിയുന്നുണ്ട്. മനോഹരമായ, അഞ്ചുവഴികൾ കൂടുന്ന ഒരു വലിയ ജംഗ്ഷൻ. അവിടെ വലിയ തിരക്കാണ്. കാക്കച്ചൻ ചെറുന്നിയൂരിന്റെ അടുത്തേക്ക് എത്തുന്തോറും ശിവസുബ്രഹ്മണ്യത്തിന്റെ ഹൃദയമിടിപ്പ് കൂടാൻ തുടങ്ങി.

"ദേ.. ഞാനെത്തിക്കഴിഞ്ഞു.. എന്റെ സ്വപ്നത്തിലെ ആ മനോഹരലോകത്ത്..."



സന്തോഷം കാരണം അവൻ കൂവിവിളിക്കാൻ തുടങ്ങി. മണ്ണിരയുടെ കൂവലായതുകൊണ്ട് മറ്റാരും കേട്ടില്ല.. അതുകൊണ്ട് ഒരു പ്രശ്നവുമുണ്ടായില്ല..

ഇപ്പോൾ ദൂരം നാലായിരത്തിതൊള്ളായിരം മണ്ണിരദൂരമായിരിക്കുന്നു. കാക്കച്ചൻ ഇപ്പോ ഫ്ലൈറ്റ് ലാൻഡ് ചെയ്യിക്കും. അവൻ കരുതി. ശ്വാസം ഉള്ളിലേക്ക് വലിച്ച് അവൻ ആ ലാൻഡിംഗിന് തയ്യാറെടുത്തിരുന്നു.

ഒന്നും സംഭവിച്ചില്ല..

ഇപ്പോ ദൂരം അയ്യായിരം മണ്ണിരദൂരം. കൽമഷൻകാക്ക വീണ്ടും പറക്കുകയാണ്. ശിവസുബ്രഹ്മണ്യൻ അന്തംവിട്ട് മുകളിലേക്കു നോക്കി. കാക്കച്ചന് ഒരു ഭാവഭേദവുമില്ല.

ഇപ്പോ ദൂരം ആറായിരം മണ്ണിരദൂരം. ശിവസുബ്രഹ്മണ്യൻ കൂവിവിളിക്കുകയാണ്. കൽമഷന്റെ ഭാവത്തിന് ഒരു മാറ്റവുമില്ല. ഇപ്പോ ദൂരം ആറായിരത്തിനാനൂറ് മണ്ണിരദൂരം. കാക്കച്ചൻ പതിയെ താഴേക്കിറങ്ങി. 'റെഡ്സ്റ്റാർ ലൈബ്രറി' എന്ന് പേരെഴുതിയ ഒരു കെട്ടിടത്തിനു താഴെ അവൻ വന്നിറങ്ങി. അവിടെ കുറേ ആൾക്കാരിരിപ്പുണ്ട്. കാക്കക്കാലു മണ്ണു തൊട്ടതും മണ്ണിരസുബ്രു ഉരുണ്ടുപിരണ്ട് താഴേക്കിറങ്ങി. എന്നിട്ട് കൽമഷൻ കാക്കയെ നോക്കി കണ്ണുപൊട്ടുന്ന ചീത്തതുടങ്ങി.

"എന്തു പണിയാടോ താൻ കാണിച്ചത്? ഇതെവിടെയാ താനെന്നെ കൊണ്ടുവന്നത്? സത്യംപറ. താനെന്നെ തട്ടിക്കളയാൻ കൊണ്ടുവന്നതല്ലേടോ അഹിംസാക്കള്ളാ..."

സത്യം പറഞ്ഞാൽ അപ്പോഴാണ് നമ്മുടെ കാക്കച്ചൻ സുബ്രുവിനെ ശ്രദ്ധിച്ചതു തന്നെ. അവൻ രണ്ടുമിനിറ്റ് വായതുറന്ന് ഇരുന്നുപോയി. തന്നെ തിന്നാനായി കാക്ക വായ തുറന്നതാണെന്നു പേടിച്ച് ശിവസുബ്രഹ്മണ്യമണ്ണിര ഒരു നിമിഷത്തേക്ക് നിശ്ശബ്ദനായി.

**ഇപ്പോ ദൂരം ആറായിരം മണ്ണിരദൂരം. ശിവസുബ്രഹ്മണ്യൻ കൂവിവിളിക്കുകയാണ്. കൽമഷന്റെ ഭാവത്തിന് ഒരു മാറ്റവുമില്ല. ഇപ്പോ ദൂരം ആറായിരത്തി നാനൂറ് മണ്ണിരദൂരം. കാക്കച്ചൻ പതിയെ താഴേക്കിറങ്ങി. 'റെഡ്സ്റ്റാർ ലൈബ്രറി'യുടെ താഴെ അവൻ വന്നിറങ്ങി.**

"അയ്യോടാ... ഞാനേ, നിന്നെ കാലിൽ കൊണ്ടുവന്നത് മറന്നുപോയെടാ. കാറ്റത്തു പറക്കുമ്പോ നീ പറയുന്നതൊന്നും കേൾക്കാനും പറ്റിയില്ല! സോറി കേട്ടോ. ഞാൻ പറന്നുതുടങ്ങിയപ്പോഴാ ആലോചിച്ചത് ഇന്ന് ഈ ലൈബ്രറിയിൽ ഒരു സാഹിത്യസദസ്സ് ഉണ്ടെന്ന്. ഞാനേ സ്ഥിരമായി ഇതൊക്കെ കേൾക്കുന്നയാളാ.. അപ്പൊപ്പിന്നെ അതുകഴിഞ്ഞിട്ട് സുരേഷണ്ണന്റെ ബേക്കറിയിൽ പോവാം എന്നു കരുതി. സോറി കുട്ടാ സോറി. ഇനിയിപ്പോ സമയവുമില്ല. ഇവിടന്ന് കുറച്ചു ദൂരമേയുള്ളൂ ചെറുന്നിയൂരിലേക്ക്. നീ നീട്ടിനടന്നാൽ പെട്ടെന്നെത്തും..." കാക്ക പറഞ്ഞു.

'പറഞ്ഞതൊരു കാക്കയും ഞാനൊരു മണ്ണിരയും ആയിപ്പോയി. അല്ലേല് കാണിച്ചു കൊടുക്കാമായിരുന്നു.'

ശിവസുബ്രഹ്മണ്യൻ കലിപ്പ്മോഡിലായി.

"ശ്ശേ... ഇനി ഞാനീ വഴി മുഴുവൻ തിരിച്ചിഴയണമല്ലോ.. എന്തൊരു കഷ്ടമാണ്. ഒരു ബിസിനസ് മാഗ്നറ്റാവാൻ ഇനിയെന്തൊക്കെ സഹിക്കണം!"

ഇങ്ങനെ ആലോചനയുമായി അവൻ നിൽക്കുമ്പോഴാണ് ആ വായനശാലയ്ക്ക് മുന്നിൽ മൈക്ക് ശബ്ദിക്കാൻ തുടങ്ങിയത്. അതെ, സാഹിത്യചർച്ച തുടങ്ങുകയായി. വായനശാലയുടെ സെക്രട്ടറി സ്വാഗതം പറഞ്ഞുകഴിഞ്ഞതും മനുഷ്യലോകത്തിലെ ആരൊക്കെയോ വന്ന് രസമുള്ള വർത്തമാനങ്ങൾ ഈണത്തിൽ പറയാൻ തുടങ്ങി.

ശിവസുബ്രഹ്മണ്യൻ ഒന്നു നിന്നു.

'കൊള്ളാല്ലോ...'

അവനോർത്തു. അല്പനേരത്തിനുള്ളിൽത്തന്നെ അവൻ ആ വർത്തമാനത്തിൽ അലിഞ്ഞുപോയിരുന്നു. രസം ബഹുരസമായി. അതിരസമായി. അത്യതിബഹുത്തച്ചാരസഗുളപ്പരുവത്തിൽ നടന്ന ആ കിണ്ണങ്കാച്ചി ചർച്ച അവൻ മുഴുവൻ നിന്നു കേട്ടു. മണിക്കൂറുകൾ കഴിഞ്ഞുപോയി. കാക്കച്ചൻ എപ്പോഴോ, അവിടെനിന്ന് പറന്നുപോയിക്കാണണം. അതൊക്കെ ആരു നോക്കുന്നു!

പരിപാടി കഴിഞ്ഞ് മറ്റെല്ലാവരും പിരിഞ്ഞുപോയി. മുന്നിൽ പുസ്തകങ്ങൾ നിറഞ്ഞ ആ വലിയ വായനശാല ഉറങ്ങാനുള്ള തയ്യാറെടുപ്പാണ്. ശിവസുബ്രു മറ്റാരും കാണാതെ അതിനുള്ളിലേക്ക് ഇഴഞ്ഞുചെന്നു. അവിടെ നല്ല ഗുമ്മുണ്ട്. ഒരക്കാദമികവൈബ്..! കൊള്ളാം!

'ബിസിനസ് ഉപേക്ഷിച്ച് ബുദ്ധിജീവിയായാലോ?' അവൻ ആലോചിക്കാതിരുന്നില്ല. കുത്തിയിരുന്ന് വായിക്കുന്ന കണ്ണട വച്ച കുറേയേറെ പുസ്തകപ്പുഴുക്കളെ കണ്ടപ്പോ ആ ചിന്ത വീണ്ടും ശക്തമായി. ഇടയ്ക്കെപ്പോഴോ ബുക്കു വായിച്ച് തലങ്ങും വിലങ്ങും നടക്കുന്ന ഒരാനയെപ്പോലും കണ്ടെന്ന് അവനു തോന്നി. കുറേനേരം അവൻ അവിടെയാകെ പരതി നടന്നു. കുറേയേറെപ്പേരുമായി മിണ്ടി. കുറേ വർത്തമാനം പറഞ്ഞു.

'പൈസ കൊടുത്താലൊന്നും ബുദ്ധിജീവിയാവാൻ പറ്റൂല്ല, പുസ്തകം വായിക്കേണ്ടി

വരുമെന്ന് അവരെല്ലാരും അവനോടു പറഞ്ഞു.

അത്രയ്ക്ക് താല്പര്യമൊന്നുമില്ലാതെ അവൻ പുസ്തകങ്ങളൊക്കെ മാന്തിനോക്കി. ഇടയ്ക്ക് ഒന്നു രണ്ടെണ്ണം തുറന്ന് വായിക്കാൻ നോക്കുകയും ചെയ്തു.

"ശ്ശോ... ഇതിലൊക്കെ വലിയ വലിയ കാര്യങ്ങളാ. ഇതൊക്കെ മനസ്സിലാക്കണമെങ്കിൽ കുറേസമയം വേണം. പിന്നേ, അതിന് വേറെയാളിനെ നോക്കണം. പെട്ടെന്ന് പ്രബുദ്ധനാവുന്നതാണ് ഈ ഷിവ് എസ്. മാനിക്ക് പണ്ടേയിഷ്ടം."

പത്തുമിനിറ്റിൽ പ്രമുഖനും പ്രബുദ്ധനും അക്കാദമികമാഗ്നറ്റുമാവാൻ എന്തു ചെയ്യണമെന്നാലോചിച്ച് കുറേ നേരമിരുന്നപ്പോൾ അവന്റെ ഇച്ചിരി ബുദ്ധിയിൽ ഒരു വെളിച്ചം തെളിഞ്ഞുവന്നു. മുന്നിൽക്കണ്ട ആദ്യത്തെ ഇംഗ്ലീഷ്ബുക്കിൽ നിന്ന് ഒരു ചെറുകഷണം പേപ്പർ മാന്തിയെടുത്ത് അവൻ സ്വന്തം മുതുകിൽ ഒട്ടിച്ചുവച്ചു. ഈ പരിപാടി ആരും കണ്ടിട്ടില്ല എന്ന് ചുറ്റും നോക്കി ഉറപ്പുവരുത്തി. എന്നിട്ട് ഒട്ടും വൈകാതെ, അവിടെനിന്ന് പുറത്തിറങ്ങി നടക്കാൻ തുടങ്ങി.

ഇത്തവണ അവൻ തളർന്നുപോയില്ല. ഏതാണ്ട് ആയിരത്തിനാനൂറ് മണ്ണിരദൂരങ്ങൾ കഴിഞ്ഞപ്പോൾ അവനു ചുറ്റും ചെറുന്നിയൂർമുക്ക് ചിരിച്ചുകൊണ്ടു നിന്നു. പറഞ്ഞുകേട്ടതിലും ചന്തമുള്ള ആ സ്ഥലം സ്നേഹത്തോടെ അവനെ വിശ്രമിക്കാൻ ക്ഷണിച്ചു. പക്ഷേ അവൻ നിന്നില്ല. ബുക്ക് മാന്തിപ്പൊളിച്ചതിന് വായനശാലയിൽ നിന്ന് ആരെങ്കിലും പിറകേ അന്വേഷിച്ചു വരുന്നുണ്ടോ എന്ന പേടിയുള്ളതു കൊണ്ടാവും അവന്റെ നടപ്പ് പല രാത്രികളോളം നീണ്ടു.

ആറായിരത്തി നാനൂറ് മണ്ണിരദൂരങ്ങളോളം അവൻ നടന്നു. അവിടെ അവന്റെ സ്വന്തം നാടുണ്ടായിരുന്നു. അതായത് മ്മടെ ദളവാപുരം! ആശ്വാസം നിറഞ്ഞ ഒരു മണ്ണിരനിശ്വാസം അവനിൽനിന്നുയർന്നു.

അവിടെ അവന്റെ കൂട്ടുകാരും വീട്ടുകാരും നാട്ടുകാരുമുണ്ടായിരുന്നു. കൗതുകത്തോടെ അവർ അവനു ചുറ്റും കൂടി. ആരോ ഒരാൾ പതിയെ വിളിച്ചു.

"ഹേയ്യ്, ഷിവ്... ഷിവ് എസ്. മാനി."

പിറകേ ആരും വന്നിട്ടില്ല എന്ന് തിരിഞ്ഞും മറിഞ്ഞും നോക്കി ഉറപ്പുവരുത്തിയ ശേഷം അവൻ ചിരിച്ചുകൊണ്ട് അവരെ തിരുത്തി.

"അല്ല. ശിവസുബ്രഹ്മണ്യൻ. പ്രൊഫ: ശിവസുബ്രഹ്മണ്യൻ പി എച്ച് ഡി! റെഡ്സ്റ്റാർ യൂണിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലീഷ് ഭാഷയിൽ ഡോക്ടറേറ്റ് എടുത്ത ദളവാപുരത്തിന്റെ ഒരേയൊരു ബുദ്ധിജീവി! - ദാ, സർട്ടിഫിക്കറ്റ്."

അവന്റെ മുതുകിൽ അവൻ ചൂണ്ടിക്കാണിച്ച സ്ഥലത്ത് നോക്കിയ ഇംഗ്ലീഷ് അറിയാത്ത മറ്റു മണ്ണിരകൾ 'എ ഫോർ ആപ്പിൾ' എന്നെഴുതിയ ഒരു പേപ്പർകഷ്ണം കണ്ട് എട്ടുലോകം പൊട്ടുമാറ് ഞെട്ടിത്തരിച്ചു. എന്നിട്ട് കൈയടിച്ചു.

ഭൂലോകബഡായിയിൽ ഡോക്ടറേറ്റ് എടുത്ത ശിവസുബ്രഹ്മണ്യൻ എന്ന മണ്ണിര അങ്ങനെ ദളവാപുരത്തെ സാംസ്കാരികപ്രമുഖനായി അവരോധിക്കപ്പെട്ടു.

എന്നിട്ട് സുഖമായി നാട്ടുകാരെ പറ്റിച്ച് കൊറേനാള് ജീവിച്ചു.

ശുഭം!







# വിശ്വവിഖ്യാത മൂക്കുകൾ

വിജയകുമാർ ബ്ലാത്തൂർ

**മൂക്ക് എന്ന അവയവം മനുഷ്യരെ സംബന്ധിച്ചിടത്തോളം മണമറിയാനും ശ്വസിക്കാനും മാത്രമുള്ളതാണ്. എന്നാൽ മറ്റു പല ജീവികളിലും അത് അങ്ങനെ മാത്രമല്ല. ആനകളിൽ അത് മനുഷ്യരുടെ കൈയോളം പ്രാധാന്യമുള്ള അവയവമാണ്. ആനകളിൽ മാത്രമല്ല, മറ്റ് അനേകം ജീവികളിലും മൂക്കുകൾ ഏറെ രസകരമായ അവയവമാണ്. അങ്ങനെ നീണ്ട മൂക്കുകളുള്ള കുറെ ജീവികളെ പരിചയപ്പെടാം. പ്രാണികളുടെ ലോകത്താകട്ടേ, വായുടെ ഭാഗമായിട്ടുള്ള പ്രോബോസിസ് എന്ന അവയവത്തിനും തുമ്പിക്കൈകൾപോലെ ഏറെ കൗതുകക്കഥകൾ പറയാനുണ്ട്.**

◀ **അനേകം മസിലുകൾ കൂടിച്ചേർന്നുണ്ടായ തുമ്പിക്കൈയുടെ ക്ലോസ്അപ്പ് ചിത്രം.**

Photo: Jenny downing from Geneva / Wiki commons

തുമ്പിക്കൈ ഉള്ള ജീവി ഏതെന്നു ചോദിച്ചാൽ ആനയെന്ന ഒറ്റ ഉത്തരമേ നമ്മൾ പറയൂ. മൂക്കിന്റെ തുമ്പ് നീണ്ടുണ്ടായ അവയവമുള്ള വേറെയും ധാരാളം ജീവികൾ ഉണ്ട്. എക്കിഡ്ന മുതൽ ചിലയിനം ഉറുമ്പുതീനികൾവരെ പല തരം നീളൻമൂക്കന്മാർ. ആനസീലുകളും (Elephant seal) പ്രൊബോസിസ് കുരങ്ങുകളും(Proboscis monkey) ഷ്രൂകളും ഒക്കെ ഇത്തരക്കാരാണ്. ചിലയിനം കടൽ ഒച്ചുകളും (Mitra mitra) പരാദവിരകളും (Acanthocephala) നീട്ടാനും ചുരുക്കാനും കഴിയുന്ന ഇത്തരം അവയവം ഉള്ളവരാണ്.



മൂക്കു നീണ്ട ഒരുതരം കുരങ്ങ്. പ്രോബോസിസ് കുരങ്ങ് എന്നാണ് ഇവയെ വിളിക്കുക.

Photo: Charles J. Sharp / Wikimedia commons

ആനകളുടെ തുമ്പിക്കൈ വളരെ പ്രത്യേകതകൾ ഉള്ള അവയവം ആണ്. നമ്മുടെ കൈയൊക്കെ ചെയ്യുന്നതുപോലുള്ള കാര്യങ്ങളൊക്കെ ചെയ്യുന്നതിനാലാവും തുമ്പിയെ കൈ എന്നുകൂടി ചേർത്തു പറയുന്നത്. തലങ്ങനെയും വിലങ്ങനെയും ചുറ്റിയുമൊക്കെയുള്ള ലക്ഷത്തിലധികം കുഞ്ഞുമസിലുകൾ ചേർന്നു നിർമ്മിച്ച അതീവപ്രാധാന്യമുള്ളൊരു അവയവമാണ് അത്. മണം, സ്പർശം എന്നിവയറിയാൻ സഹായിക്കുന്നതുകൂടാതെ മരക്കൊമ്പുകളിലെ ഇലകളെ താഴത്തുകൊണ്ടുവരാനും വേരോടെ പിഴുതെടുക്കുന്ന പുല്ല് കുടഞ്ഞ് മണ്ണ് കളയാനും വെള്ളവും മറ്റു ഭക്ഷണ പദാർത്ഥങ്ങളും വായിലെത്തിക്കാനും തുമ്പിക്കൈ വേണം.

ഉള്ളിൽ എല്ലില്ലെങ്കിലും വലിയ ഭാരങ്ങൾ വലിച്ചുപൊക്കാനും മരങ്ങൾ പിഴുതെടുക്കാനും കൊമ്പുകൾ അടർത്താനുമൊക്കെ കരുത്തുള്ളതാണത്. ചിന്നം വിളിക്കാനും വെള്ളവും പൊടിയും ദേഹത്ത് ചീറ്റാനും തുമ്പിക്കൈ സഹായിക്കുന്നു. മറ്റ് ആനകളെ ഗന്ധം കൊണ്ട് മനസ്സിലാക്കാൻ തുമ്പിക്കൈയാണ് ഉപയോഗിക്കുക.

സൗഹൃദം പ്രകടിപ്പിക്കാനായി നമ്മൾ ഷേക്ക് ഹാന്റ് നൽകുന്നതുപോലെ പരസ്പരം തുമ്പിക്കൈകൾ പിണച്ച് ആനകൾ പെരുമാറാറുണ്ട്. ഇണചേരൽ സമയത്തും മറ്റു ആനകളോടോ മൃഗങ്ങളോടോ പൊരുതുമ്പോഴും തുമ്പിക്കൈ സഹായിക്കും. ആഫ്രിക്കൻ ആനകളുടെ തുമ്പിക്കൈയുടെ അഗ്രത്തിൽ വിരലുപോലെ രണ്ട് ചുണ്ടുകൾ ഉണ്ടാകുമെങ്കിലും നമ്മുടെ ആനകളുടെ തുമ്പിയിൽ ഒരു ചുണ്ടേ ഉള്ളൂ. നിലത്തു വീണ കുരുക്കളും പഴങ്ങളും മറ്റ് ചെറിയ സാധനങ്ങൾപോലും അതിനാൽ പെറുക്കിയെടുക്കാൻ അവയ്ക്കു കഴിയും.

നല്ല നീന്തൽക്കാരാണ് ആനകൾ. വെള്ളത്തിലിറങ്ങുമ്പോഴും പുഴകടക്കുമ്പോഴുമൊക്കെ തുമ്പിക്കൈ തലയുടെ മുകളിൽ ഉയർത്തിപ്പിടിച്ച് ശ്വാസം കഴിക്കാൻ പറ്റും. അതിനാൽ അല്പം ആഴത്തിലൂടെ നടക്കാനും ആനയ്ക്കു കഴിയും. തുമ്പിക്കൈയിൽ എട്ടര ലിറ്റർ വെള്ളം വരെ പിടിക്കാൻ ആനയ്ക്കാവും.

കുളിക്കാൻ പോകുമ്പോൾ തെരുവിലെ കടക്കാർ പഴങ്ങളും മറ്റും കൊടുക്കുന്നതിനിടയിൽ സൂചികൊണ്ട് തുമ്പിയിൽ കുത്തിയ തയ്യൽക്കാരന്റെ കടയും കുളികഴിഞ്ഞ് വരുമ്പോൾ തുമ്പിക്കൈയിൽ കരുതിയ വെള്ളംകൊണ്ട് ആ കട നനച്ച് പ്രതികാരം ചെയ്ത ആനയുടെ കഥയും പ്രശസ്തമാണ്.



◀ വീവിൽ എന്നറിയപ്പെടുന്ന ഒരിനം വണ്ടുകൾക്കുമുണ്ട് നീണ്ട മൂക്കുപോലെ ഒരു ഭാഗം. Rostrum എന്നാണ് ഇവ അറിയപ്പെടുന്നത്. വണ്ടുകൾക്കു മാത്രമല്ല, മറ്റു പല ജീവികൾക്കുമുണ്ട് rostrum.

Photo: Ryan Kaldari / Wikimedia commons

ഒരു ചെറിയ ഉറുമ്പിന് ആനയോട് കലി വന്നപ്പോൾ അതിന്റെ തുമ്പിക്കൈയ്ക്കുള്ളിൽ കയറി കടിച്ച് വേദനിപ്പിച്ച് കീഴ്പ്പെടുത്തിയ കഥയിൽ പക്ഷേ കാര്യമൊന്നും ഇല്ല. ഒരു ഉറുമ്പ് കടിച്ചാലൊന്നും ആനയ്ക്ക് പ്രശ്നമുണ്ടാവില്ല.

പ്രസവിച്ച ഉടനേയുള്ള കുട്ടിയാനകളുടെ തുമ്പിക്കൈയിലെ മസിലുകളും നാഡികളും കൃത്യമായി പ്രവർത്തിക്കാൻ കുറച്ചു നാളുകൾ കഴിയണം. അതിനാൽ കുട്ടിയാനകളുടെ തുമ്പിക്കൈ തൂക്കിയിട്ട കുപ്പായക്കൈപോലെ നിയന്ത്രണമില്ലാതെ ആടിക്കളിക്കുകയാണ് ആദ്യമൊക്കെ ചെയ്യുക. അതിനാൽ ആനക്കുട്ടി പാൽകുടിക്കുന്നത് തുമ്പിക്കൈ ഉപയോഗിച്ചല്ല. നേരിട്ട് വായ ഉപയോഗിച്ചാണ്. കുട്ടിയെ മുല കൊടുക്കാനായി മുൻകാലുകൾക്കിടയിലെ മുലകളോട് ചേർത്ത് താങ്ങിപ്പിടിക്കാൻ കൂടി അമ്മയുടെ തുമ്പിക്കൈ സഹായിക്കും.

പ്രാണികളുടെ ലോകത്തും തുമ്പിക്കൈയുണ്ട്. പല ശലഭങ്ങൾക്കും നിശാശലഭങ്ങൾക്കും

പൂവിലെ തേനും ചെടികളുടെ നീരും മരക്കറകളും ഒക്കെ വലിച്ച് അകത്താക്കാൻ സഹായിക്കുന്നത് വായുടെ ഭാഗമായുള്ള പ്രൊബോസിസ് എന്ന അവയവമാണ്. കടത്തനാടൻ കളരിക്കാരുടെ ഉറുമിപോലെ ചുരുട്ടി വെക്കാൻ ഈ നീണ്ട ഇരട്ടക്കുഴലിനു പറ്റും. നിവർത്താനും ചുരുട്ടാനും സഹായിക്കുന്ന മസിലുകൾ അഗ്രത്തിലുണ്ട്.



തലയ്ക്കകത്തെ ഒഴിഞ്ഞ സഞ്ചികൾപോലുള്ള ഭാഗങ്ങൾ അമർത്തി നിവർത്തിയാണ് ആഴത്തിൽ നിന്നൊക്കെ തേൻ വലിച്ചെടുക്കുന്നത്. ആന തുമ്പിക്കൈയിൽ വെള്ളം എടുക്കുംപോലെ വെള്ളം വലിച്ചെടുത്ത് മൃഗങ്ങളുടെ വിസർജ്യങ്ങളിൽ ചീറ്റി നനച്ച് - അതിലെ നൈട്രജൻ ഘടകങ്ങൾ ലയിപ്പിച്ച് വലിച്ച് കുടിക്കുന്ന മഡ് പഡ്ലിങ്ങിനും ഈ നീളൻ കുഴലാണ് സഹായിക്കുന്നത്.

ചില നിശാശലഭങ്ങൾ വളരെ ആഴത്തിൽ തേനുകളുള്ള പൂവുകൾക്കൊപ്പം പരിണമിച്ച് ഉണ്ടായവയാണ്. അവയ്ക്ക് വളരെ നീളമുള്ള പ്രൊബോസിസും ഉണ്ട്. ചിലയിനം ഹോക് മോത്തുകൾ തേൻകിളികളെപ്പോലെ വായുവിൽ പറന്നുനിന്ന് നീളൻ കുഴലുകൾ പൂവിലേക്കിറക്കി തേൻകുടിക്കും.

നാണയങ്ങൾ നിലത്തേക്ക് വീണുരുണ്ട് ചിലമ്പി കലപില കൂട്ടുംപോലെ ശബ്ദമുണ്ടാക്കുന്ന - എലി വർഗക്കാരെന്ന് നമ്മൾ കരുതുന്ന കുഞ്ഞുജീവിയുണ്ട് നമ്മുടെ വീടുകളിലും സമീപത്തും. ഷ്റൂ എന്നാണ് പേര്. ഇവരും നീളൻ മൂക്കരാണ്. പ്രാണികളും ചെറുജീവികളും ആണ് ഇവരുടെ തീറ്റ. മണ്ണിര മുതൽ പാറ്റ, ചിലന്തി, വണ്ടുകൾ തുടങ്ങിയ പലതും; അല്ലാതെ ധാന്യങ്ങളും കിഴങ്ങുകളും അല്ല. ശല്യക്കാരായ പ്രാണികളെ കൊന്ന് എണ്ണം നിയന്ത്രിക്കുന്നതിനാൽ ശരിക്കും ഇവർ കർഷകമിത്രങ്ങളാണ്. പക്ഷേ എലി എന്നു കരുതി എല്ലാവരും ഈ നീളൻ മൂക്കരെ കണ്ടയുടൻ തല്ലിക്കൊന്നു കളയും. ഈ നീളൻ മൂക്കാണ് പ്രാണികളെ മണത്തു കണ്ടെത്താൻ സഹായിക്കുന്നത്.

കൊതുകുകൾക്ക് അത്യുഗ്രൻ പ്രൊബോസിസ് ഉണ്ട്. അത് ചോരകുടിക്കാനും ചെടിനീരുകൾ അകത്താക്കാനും ഉള്ളതാണ്. പൂന്തേനും അഴുകിയ പഴച്ചാറും ഒക്കെ ആണും പെണ്ണും കൊതുകുകൾ വലിച്ചു കുടിക്കുമെങ്കിലും മൃഗങ്ങളുടെയും മനുഷ്യരുടെയും ചോരകുടിക്കാൻ തൊലിതുളച്ചു കയറ്റാൻ മാത്രം കരുത്തുള്ളവയല്ല ആൺകൊതുകുകളുടെ പ്രൊബോസിസ്. അതിനാലാണ് ആൺകൊതുകുകൾ നമ്മെ കടിക്കാത്തത്. അവയുടെ പ്രൊബോസിസ് ഒറ്റസൂചിപോലെയുള്ള ഒന്നല്ല. തുരക്കാനും ആഴ്ത്താനും വലിക്കാനും ഒക്കെ വിവിധ ഉദ്ദേശങ്ങളോടെ വ്യത്യസ്ത സ്വഭാവമുള്ള ആറു സൂചികൾ ചേർന്നുള്ള സംവിധാനമാണിത്.




കൊതുകുകളുടെ പ്രോബോസിസ് അവയവം. തലയുടെ ഭാഗമായിത്തന്നെ തുടങ്ങുന്ന ഈ പ്രോബോസിസ് ഉപയോഗിച്ചാണ് പെൺകൊതുകുകൾ ചോര കുടിക്കുന്നത്.

Photo: Fedaro/ Wikimedia commons



Agrius convolvuli എന്ന ഹോക്ക് നിശാശലഭത്തിന്റെ പ്രോബോസിസ്. ശലഭത്തെക്കാൾ നീളമുണ്ട് ഇവയുടെ പ്രോബോസിസിന്.

Photo: Charles J. Sharp / Wikimedia commons

# ഓപ്പൺ ബോട്ട്

**സ്റ്റീഫൻ ക്രെയ്ൻ**
**പുനരാഖ്യാനം: രജ്ന കെ ആസാദ്**

അമേരിക്കൻ കവിയും നോവലിസ്റ്റും ചെറുകഥാകൃത്തുമായിരുന്നു സ്റ്റീഫൻ ക്രെയ്ൻ. 1871ൽ അമേരിക്കയിലെ ന്യൂജഴ്സിയിൽ ജനിച്ച അദ്ദേഹം ചെറുപ്രായത്തിൽത്തന്നെ എഴുതിത്തുടങ്ങിയിരുന്നു. *ദ ഓപ്പൺ ബോട്ട്* അടക്കം അനേകം കഥകൾ അദ്ദേഹമെഴുതി. കവിതകളും കഥകളും ഏറെ ശ്രദ്ധിക്കപ്പെട്ടു. പക്ഷേ വെറും 28 വയസ്സു മാത്രം പ്രായമുള്ളപ്പോൾ അസുഖബാധിതനായി അദ്ദേഹം മരണമടഞ്ഞു. Naturalism, American realism, Impressionism തുടങ്ങിയ തത്വസരണികൾ അദ്ദേഹത്തിന്റെ രചനകളിൽ കാണാം. ഒരു പത്രത്തിലെ ലേഖകനായി പ്രവർത്തിക്കുന്ന സമയത്ത് നടത്തിയ യാത്രയ്ക്കിടയിൽ സ്റ്റീഫൻ ക്രെയ്ൻ ഒരു കപ്പലപകടത്തിൽ പെടുന്നുണ്ട്. ആ അനുഭവമാണ് *ദ ഓപ്പൺ ബോട്ട്* എന്ന കഥയായി പരിണമിച്ചത്.

നേരം പുലരാനിനി അധിക സമയമില്ല. ഫ്ലോറിഡ തീരത്തുനിന്ന് കുറച്ചേറെ അകലെയായി, തുറന്ന കടലിനും ആഞ്ഞടിക്കുന്ന തിരമാലകൾക്കുമിടയിൽ ആടിയുലയുകയാണ് ആ കൊച്ചുതോണി. വലിയ തിരകൾക്കു മുകളിൽ ഉയർന്നു പൊങ്ങിയും താഴ്ന്നും അതൊരു പന്തയക്കുതിരയെ ഓർമ്മിപ്പിച്ചു. ഏകദേശം ഒരു ബാത്ത് ടബ്ബിനോളം മാത്രം വലിപ്പമുള്ള അതിൽ രണ്ടു വശത്തുമായി ഉറപ്പിച്ച തുഴകളാണുള്ളത്. രണ്ടു വശത്തുനിന്നായി രണ്ടു പേർക്ക് തുഴയാനാവും വിധമാണ് അതിന്റെ നിർമ്മിതി. ഈ കൊച്ചുതോണിയിൽ സ്വന്തം പ്രാണനും മുറുകെ പ്പിടിച്ചിരിക്കുകയാണ് നാല് മനുഷ്യർ. നോക്കെത്താദൂരത്തോളം വിശാലവും ആഴമേറി



വര: ടി ആർ രാജേഷ്

യതുമായ കടൽ, ഭീകരമായ ശബ്ദത്തോടെ ഉയർന്നു പൊങ്ങുന്ന തിരകൾ, അതിനിടയിൽ ഈ ചെറിയ യാനപാത്രം. അത്യന്തം ഭീകരവും ദയനീയവുമായിരുന്നു ആ മനുഷ്യരുടെ അവസ്ഥ.

രണ്ടു ദിവസം മുമ്പുവരെ ഉല്ലാസത്തോടെ, അവർ സഞ്ചരിച്ചിരുന്ന കപ്പൽ ഒറ്റരാത്രി കൊണ്ട് തകർന്നുമുങ്ങിപ്പോയി. സഹയാത്രികരൊക്കെയും സമുദ്രത്തിന്റെ അഗാധതയിലേക്ക് ആണ്ടുപോയതാണ്. മുങ്ങിപ്പോയ കപ്പലിൽനിന്ന് സ്വന്തം പ്രാണനൊഴികെ മറ്റൊന്നുമെടുക്കാനോ മറ്റാരെയും രക്ഷിക്കാനോ അവർക്ക് സാധിച്ചതുമില്ല, ഈ നാലു മനുഷ്യർ ഒരു യാനപാത്രത്തിൽ രക്ഷപ്പെടുകയായിരുന്നു. രണ്ടു ദിവസം കടലും കാറ്റും ചേർന്ന് അവരുടെ വഞ്ചിയെ എവിടെയൊക്കെയോ കൊണ്ടുപോയി.

കപ്പൽ തകർത്തുകളഞ്ഞ തിരമാലകളുടെ രോഷം ഇനിയും അടങ്ങിയിട്ടില്ല. ക്ഷുഭിതയായ സമുദ്രത്തിൽ ഈ കൊച്ചുബോട്ട് മറിഞ്ഞ് തങ്ങളും മുങ്ങിമരിക്കാതിരിക്കാൻ പൊരുതുകയാണ് ആ മനുഷ്യർ. ശക്തിയേറിയ തിരമാലകളിൽപ്പെടുമ്പോൾ മുകളിലേക്കും താഴേക്കും തെറിച്ചുവീഴാതിരിക്കാൻ അള്ളിപ്പിടിച്ചിരിപ്പാണവർ. ഭീമൻ തിരകൾ തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് ബോട്ടിനെ നിയന്ത്രിച്ചേ പറ്റൂ. വലിയ തിരകളുടെ ആക്രമണത്തിൽ ബാലൻസ് നഷ്ടപ്പെടാതിരിക്കാൻ യാത്രക്കാരുടെ ഭാരവും ബുദ്ധിപരമായി കേന്ദ്രീകരിക്കണം. അല്ലെങ്കിൽ ആ യാനപാത്രവും സമുദ്രം വിഴുങ്ങിക്കളയും.

ഈ നാലുപേരിലൊരാൾ നമ്മുടെ ലേഖകൻ തന്നെ. രണ്ടാമത്തെയാൾ ഒരു എണ്ണവ്യാപാരിയാണ്. മൂന്നാമൻ കപ്പലിലെ പാചകക്കാരൻ. ഏറെ പ്രധാനപ്പെട്ട നാലാമത്തെയാളാകട്ടെ മുങ്ങിപ്പോയ കപ്പലിന്റെ ക്യാപ്റ്റനും.

രണ്ടു ദിവസത്തെ ഉറക്കക്ഷീണവും വിശപ്പുമെല്ലാം ശരീരത്തെ ആക്രമിക്കുമ്പോഴും അതിലെ ഓരോ മനുഷ്യനും ആ തോണിയെ ഒഴുക്കിവിടാനായി അക്ഷീണം പ്രയത്നിക്കുന്നുണ്ട്.

ലേഖകനും കപ്പലിലെ യാത്രക്കാരനായിരുന്ന എണ്ണക്കാരനും ചേർന്നാണ് ഇപ്പോൾ വള്ളം തുഴയുന്നത്. പാചകക്കാരനാവട്ടേ, ഈ സമയം തറയിലിരുന്ന് ഇടയ്ക്കിടെ വരുന്ന വൻതിരകളിൽനിന്ന് തോണിയിൽ നിറയുന്ന വെള്ളം കോരിക്കളയുന്ന പണിയിലാണ്.

കപ്പൽ തകർച്ചയ്ക്കിടെ ഭീകരമായി പരിക്കേറ്റ് ആ വള്ളത്തിന്റെ അമരത്ത് തളർന്നിരിക്കുന്ന ക്യാപ്റ്റൻ ഏറെ നിരാശനും ക്ഷീണിതനുമാണെങ്കിലും അദ്ദേഹത്തിന്റെ നിർദേശങ്ങൾ സ്വീകരിച്ചാണ് മറ്റു മൂന്നുപേരും അവരുടെ ജോലികൾ ചെയ്യുന്നത്.

ഇതിനിടയിലും തകർന്ന കപ്പലിന്റെയും മുങ്ങിപ്പോയ സഹയാത്രികരുടെയും കപ്പൽ ജീവനക്കാരുടെയും മരവിച്ച മുഖങ്ങൾ അവരുടെ ഓർമ്മയെ അസ്വസ്ഥമാക്കുന്നുണ്ട്. ഭീതിയുടെയും ദുഃഖത്തിന്റെയും തിരകൾ അവരുടെയെല്ലാം ഉള്ളിലുണ്ട്. മുന്നിലുണ്ടായ വലിയ ദുരന്തം അവരെയാകെ ഉലച്ചുകളഞ്ഞിരുന്നു.

ഭീതിയകറ്റാൻ മാത്രമായി ചിലപ്പോൾ അവർ പരസ്പരം സംസാരിക്കും. അങ്ങനെയൊരു സംസാരത്തിനിടയിലാണ് ലേഖകനുമായി പാചകക്കാരൻ ഉടക്കുന്നത്. തകർന്ന കപ്പലിൽനിന്ന് ആളുകളെ രക്ഷിച്ചതിൽ വന്ന പിഴവുകളെക്കുറിച്ചായിരുന്നു തർക്കം. അത്തരം തർക്കങ്ങൾ പക്ഷേ അധികം വൈകാതെ ഒരു നെടുവീർപ്പിലവസാനിക്കുകയാണു പതിവ്.

അന്നേരം ആ ഓടത്തിനു മുകളിലൂടെ നിരനിരയായി കടൽക്കാക്കകളുടെ ഒരു സംഘം പറന്നുവന്നു. പെട്ടെന്ന് താഴ്ന്ന് അവ വള്ളത്തിലിരുന്നു.

അവയിലൊന്നു വന്നിരുന്നത് ക്യാപ്റ്റന്റെ തലയിലാണ്. ഈ കാക്ക തലയിലിരുന്നത് വലിയൊരു അപശകുനം പോലെ തോന്നിയെങ്കിലും അപ്പോൾ അവർ നാലുപേരും നിസ്സഹായരായിരുന്നു. കാക്കയെ ഓടിക്കാനായി ഇരുന്നിടത്തുനിന്ന് ഇളകിയാൽ ആ ചെറുവള്ളം മറിഞ്ഞ് പ്രക്ഷുബ്ധമായ കടലിലേക്കാഴ്ന്നുപോകും. അതിലെ യാത്രക്കാരെല്ലാം മുങ്ങിമരിക്കുകയും ചെയ്യും.

ദീർഘനേരത്തെ സഹനത്തിനൊടുവിൽ, ഒരുവിധം ക്യാപ്റ്റൻ ആ പക്ഷിയെ ആട്ടിയോടിച്ചു. നാലുപേരും ആശ്വാസരൂപേണ ഒന്നു നിശ്വസിച്ചു. ആപത്തൊഴിഞ്ഞതിന്റെ ആശ്വാസം.

അവർ വീണ്ടും സഞ്ചരിക്കുകയാണ്. വളരെനേരത്തെ തുഴച്ചിലിനൊടുവിൽ ക്യാപ്റ്റന്റെ കാഴ്ചയിൽ ദൂരെ ഒരു വിളക്കുമാടം തെളിഞ്ഞു. പിന്നീട് മറ്റുള്ളവരും അതു കണ്ടു.

"മൊസ്ക്കിറ്റോ ദ്വീപ്",

**കപ്പൽ തകർത്തുകളഞ്ഞ തിരമാലകളുടെ രോഷം ഇനിയും അടങ്ങിയിട്ടില്ല. ക്ഷുഭിതയായ സമുദ്രത്തിൽ ഈ കൊച്ചുബോട്ട് മറിഞ്ഞ് തങ്ങളും മുങ്ങിമരിക്കാതിരിക്കാൻ പൊരുതുകയാണ് ആ മനുഷ്യർ. ശക്തിയേറിയ തിരമാലകളിൽപ്പെടുമ്പോൾ മുകളിലേക്കും താഴേക്കും തെറിച്ചുവീഴാതിരിക്കാൻ അള്ളിപ്പിടിച്ചിരിപ്പാണവർ.**

ആരോ ഉറക്കെ വിളിച്ചു പറഞ്ഞു.

“അവിടെത്തിയാൽ നമുക്കവരുടെ സഹായം കിട്ടും, ഭക്ഷണവും ശുദ്ധജലവും പരിചരണവും ലഭിക്കും.”

അവരുടെ മനസ്സ് ആഹ്ലാദം കൊണ്ടു നിറഞ്ഞു, ഒരു വേള ഉറക്കെ ആർപ്പുവിളിക്കാനാണവർക്ക് തോന്നിയത്. വലിയ പ്രതീക്ഷയോടെ അവർ അങ്ങോട്ടു നീങ്ങുകയാണ്.

പക്ഷേ ലേഖകന് അപ്പോഴും വലിയ സന്തോഷമൊന്നും ഉണ്ടായില്ല. അവിടെ മനുഷ്യരാരും കാണാനിടയില്ലെന്ന് അയാൾ നിരാശയോടെ ഓർമ്മിപ്പിച്ചു. മുമ്പ് അവിടെ കപ്പൽ ജോലിക്കാരുടെയും സൈനികരുടെയും വസ്തുക്കളും ഉപകരണങ്ങളും സൂക്ഷിച്ചിരുന്നതായി അറിയാം. എന്നാൽ ഒരു വർഷത്തിലേറെയായി സമീപത്തെ ഒന്നുവേറെയാണെന്ന് അവർക്കിപ്പോൾ അറിയാം.

ഇതിനിടയിൽ ആരോ ഒരാൾ തന്റെ കോട്ടിന്റെ പോക്കറ്റിൽ കൈയിട്ടപ്പോൾ അദ്ഭുതകരമെന്നോണം, നാല് ചുരുട്ടുകൾ ലഭിക്കുന്നു. ഭാഗ്യത്തിന് അവ ഒട്ടും നനഞ്ഞിട്ടില്ലായിരുന്നു.

അത് കത്തിച്ച് അവർ പുക വലിച്ചു. അതോടെ ക്യാപ്റ്റന്റെ ചുണ്ടിലൊരു പുഞ്ചിരി വിടർന്നു.

അദ്ദേഹം ആ ചിരി മറ്റുള്ളവരുമായി പങ്കിടുമ്പോൾ അവർക്കുണ്ടാവുന്ന സന്തോഷം ചെറുതല്ല. ആകെക്കൂടി ആശ്വാസത്തിന്റേതായ അന്തരീക്ഷമാണവിടെ.

എന്നാൽ ആ സന്തോഷത്തിന് അധികം ആയുസ്സുണ്ടായിരുന്നില്ല. വീണ്ടും പ്രക്ഷുബ്ധമായ തിരകളിൽ ആ ഓടവും തുഴച്ചിൽകാരും പിടിച്ചുനിൽക്കാനാവാതെ പ്രയാസപ്പെട്ടു. അതിനിടയിൽ

**അതിനിടയിൽ ദൂരെയായി കരയിലൊരു മനുഷ്യനെ ക്യാപ്റ്റൻ കണ്ടെത്തി. എന്നാൽ എത്രതന്നെ കൈയുയർത്തിയിട്ടും ശബ്ദമെടുത്തു വിളിച്ചിട്ടും കരയിലെ ആ മനുഷ്യനിൽനിന്ന് ഒരു പ്രതികരണവുമുണ്ടായില്ല. അന്നേരം അവിടെ മറ്റൊരാൾ കൂടിയുള്ളതായി അവർക്ക് തോന്നി. ഒരാളല്ല, ഒരാൾക്കൂട്ടം!**

ലൈഫ് സേവിംഗ് സ്റ്റേഷൻ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നുവെന്ന് അയാൾ കേട്ടിരുന്നു. ആ സംശയം പ്രകടിപ്പിച്ചുവെങ്കിലും, രണ്ടു ദിവസത്തെ യാത്രയുടെ ഒടുവിൽ ഒരു കര കണ്ടതിലും വഞ്ചി അങ്ങോട്ട് അടുക്കുന്നതിലും പൊതുവേ എല്ലാവരും സന്തുഷ്ടരായിരുന്നു.

ക്ഷോഭിച്ച കടലിനോടും കാറ്റിനോടും നീണ്ട നേരം മല്ലിടുമ്പോഴും പരസ്പരം അവർ പുലർത്തിയ സാഹോദര്യത്തിലും ഒരു യുദ്ധത്തിലെന്നപോലെ കാണിച്ച സഹവർത്തിത്വത്തിലും ഏറെക്കുറെ സന്തുഷ്ടരാണ് നാലുപേരും. ഈ തണുത്തുവിറച്ച അവസ്ഥയിൽ നിന്ന് മണ്ണിൽ കാലുതൊട്ടു നിൽക്കുന്നതിന്റെ ആഹ്ലാദം ദൂരെയായി കരയിലൊരു മനുഷ്യനെ ക്യാപ്റ്റൻ കണ്ടെത്തി. എന്നാൽ എത്രതന്നെ കൈയുയർത്തിയിട്ടും ശബ്ദമെടുത്തു വിളിച്ചിട്ടും കരയിലെ ആ മനുഷ്യനിൽനിന്ന് ഒരു പ്രതികരണവുമുണ്ടായില്ല. അന്നേരം അവിടെ മറ്റൊരാൾ കൂടിയുള്ളതായി അവർക്ക് തോന്നി. ഒരാളല്ല, ഒരാൾക്കൂട്ടം, കരയെ നോക്കി നീങ്ങുന്ന ഒരു ബോട്ട്, അതിൽ ജീവനക്കാർ! ഒരുവേള ഇതെല്ലാം ദിവസങ്ങളായി ഉറക്കമില്ലാത്ത മനുഷ്യർക്ക് തോന്നുന്ന മായക്കാഴ്ചകൾ പോലുമാവാം എന്നവർക്കു തോന്നി.

അതങ്ങനെതന്നെയാവാനാണ് സാധ്യത. ഒരുവേള ഈ വള്ളം മീൻപിടുത്തക്കാരുടേതാണെന്ന് കരയിലുള്ളവർ വിചാരിച്ചുകാണാനും സാധ്യതയുണ്ട്. അതിനാലവർ ഈ ശബ്ദങ്ങളെ ഗൗനിച്ചില്ലെന്ന് വേണം കരുതാൻ. എന്തായാലും സഹായത്തിന്റേതായ ഒരു പ്രതികരണംപോലും ആ കരയിൽനിന്ന് അവർക്ക് ലഭിച്ചില്ല.

അൽപം മുമ്പുവരെ തങ്ങൾ സ്വപ്നം കണ്ടപോലൊരു അനുഭവം കരയിൽനിന്ന് വരുന്നില്ലെന്ന് മനസ്സിലാക്കിയതോടെ ആ പാവം യാത്രക്കാരുടെ ശുഭാപ്തിവിശ്വാസം ഒന്നാകെ ആവിയായിപ്പോയി. അന്നേരം അടിച്ച കാറ്റിൽ വഞ്ചി ശക്തിയായി കറങ്ങിത്തിരിയുകയും ചെയ്തു. അതോടെ ഹതഭാഗ്യരായ ആ മനുഷ്യർ വീണ്ടും തളർന്നുപോയി. അത്രയും നേരം അനുഭവിച്ച അതേ നിസ്സഹായതയും കൈപ്പേറിയ ഓർമ്മകളുമായി തുറന്ന കടലിലേക്കുതന്നെ അവർ തിരിച്ചെത്തി.

അപ്പോഴും ശുഭാപ്തിവിശ്വാസം നഷ്ടപ്പെടരുതെന്ന് ക്യാപ്റ്റൻ അവരെ ഉപദേശിക്കുന്നുണ്ടായിരുന്നു.

“രാത്രി മുഴുവൻ നമുക്ക് മാറിമാറി തുഴയാം. എങ്കിലേ നമുക്ക് രക്ഷപ്പെടാനാവൂ.”

ലേഖകനും എണ്ണക്കാരനും മാറിമാറി വള്ളം തുഴഞ്ഞു. ഇടയ്ക്കിടെ അടയുന്ന കണ്ണുകൾ! ഉണർന്നിരിക്കുന്നവരും സത്യവും മിഥ്യയും തിരിച്ചറിയാനാകാത്ത ഒരുതരം ഭ്രമലോകത്താണ്.

ഇപ്പോൾ ലേഖകനാണ് തുഴച്ചിൽക്കാരൻ, മറ്റുള്ളവർ ചെറിയ മയക്കത്തിലാണ്. വഞ്ചിക്കു സമാന്തരമായി എന്തോ ഒന്ന് ഉയർന്നും താഴ്ന്നും പോകുന്നുണ്ട്.

ലേഖകൻ ഭയന്നുപോയി, കുട്ടിക്കാലത്ത് സ്കൂളിൽ പഠിച്ച ഒരു കവിതയാണയാളോർത്തത്. വീട്ടിൽ നിന്നേറെയകലെ, ഏകാന്തമായ ഒരിടത്ത്

തനിച്ച് അകപ്പെട്ടുപോകുന്ന ഒരു സൈനികന്റെ കഥയായിരുന്നു ആ കവിതയിലുള്ളത്. ആ സൈനികൻ താൻ തന്നെയാണെന്ന് അയാൾ വിചാരിച്ചു. അജ്ഞാതമായ ദേശത്തെവിടെയോവെച്ചു പ്രാണൻ വെടിയാനാണ് തന്റെ വിധി.

വള്ളം ഏറെക്കുറെ ആ വസ്തുവിന്റെ അടുത്തെത്തിയപ്പോഴാണ് കൂറ്റനൊരു സ്രാവാണതെന്നു മനസ്സിലായത്. ഈ സ്രാവിന്റെ വയറ്റിലാകുമോ തന്റെ അന്ത്യം എന്ന് ലേഖകൻ സംശയിച്ചു.

അതേനേരം അർധമയക്കത്തിൽനിന്ന് ഉണർന്ന ക്യാപ്റ്റനും ആ വമ്പൻ സ്രാവിനെ കണ്ടു. ഭാഗ്യത്തിന് ആ സ്രാവ് വഞ്ചിയെയോ അതിലെ മനുഷ്യരെയോ ശ്രദ്ധിച്ചില്ല, ഇടയ്ക്കിടെ തലയുയർത്തിയും താഴ്ന്നും അത് അവർക്കൊപ്പം കടലിലൂടെ അലസമായി നീന്തിക്കൊണ്ടിരുന്നു. പലപ്പോഴും വഞ്ചിയും മത്സ്യവും സഹയാത്രികരെന്നപോലെ സമാന്തരമായി സഞ്ചരിച്ചു. ഈ രാത്രിയുടെ കൂടാരത്തിനു കീഴിൽ അനന്തമായ സമുദ്രത്തിൽ ഉണർന്നിരിക്കുന്ന മൂന്നു ജീവികൾ.

എന്നാൽ പ്രഭാതമാകുമ്പോഴേക്ക് എല്ലാവരും തളർന്നുപോയിരുന്നു, കഴിയുന്നത്ര ഊർജ സ്വലതയോടെ വഞ്ചി തുഴയാൻ ക്യാപ്റ്റൻ അവരെ ഉപദേശിച്ചെങ്കിലും കാര്യങ്ങൾ അവർക്കൊട്ടും അനുകൂലമായിരുന്നില്ല. മാത്രമല്ല അവരുടെ വഞ്ചി ദിശ മാറിപ്പോവുകയും ചെയ്തു. ഇതിനിടെ അന്തരീക്ഷത്തിൽ കനത്ത മഞ്ഞോ മേഘമോപോലെ ഒന്ന് കാണപ്പെട്ടു. അതവരുടെ കാഴ്ചയെ മറച്ചു.

വീണ്ടും ശക്തമായ തിരകളിൽപ്പെട്ട് വഞ്ചി മറിഞ്ഞുകഴിഞ്ഞിരുന്നു. വല്ല വിധേനയും മറിഞ്ഞ വഞ്ചിക്കു മുകളിൽ കയറിപ്പറ്റാൻ ക്യാപ്റ്റൻ അവരോട് നിർദേശിച്ചു. ക്യാപ്റ്റനാകട്ടെ അതിന്റെ അമരത്തിൽ പിടിച്ച് നീന്തുകയാണ്.

ബോധത്തിനും അബോധാവസ്ഥയ്ക്കുമിടയിൽ അവർ കരയെ ലക്ഷ്യമാക്കി നീങ്ങി. മൂടൽമഞ്ഞിനിടയിലൂടെ ദൃശ്യമാകുന്ന ചെറിയൊരു വെളിച്ചമാണവരുടെ ലക്ഷ്യം.

ഇതിനിടയിൽ ഒരു കനത്ത തിര ലേഖകനെ വെള്ളത്തിലേക്കു വലിച്ചെറിഞ്ഞു. പക്ഷേ അവിടെ അരയോളം മാത്രമേ വെള്ളമുള്ളൂ എന്ന് അയാൾ അതോടെ തിരിച്ചറിഞ്ഞു. എന്നിട്ട് ബോധരഹിതനായി നിലംപതിച്ചു.

ബോധം തെളിയുമ്പോൾ ആളുകൾ കൂട്ടമായി സംസാരിക്കുന്നതിന്റെ ശബ്ദമാണ് ലേഖകൻ കേട്ടത്. കരയെത്തിയെന്നും അവിടെയുള്ളവർ രക്ഷാപ്രവർത്തകരാണെന്നും അയാൾ ആഹ്ലാദത്തോടെ തിരിച്ചറിഞ്ഞു.

"എന്റെ കൂട്ടുകാർ..."

"ക്യാപ്റ്റനും കുക്കും സുരക്ഷിതരാണ്, എന്നാൽ എണ്ണക്കാരൻ..."

കരയിലെത്തിയതിന്റെ ആശ്വാസത്തിനിടയിലും തന്റെ സഹയാത്രികനെയോർത്ത് അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.



# എവറസ്റ്റ്
# ഉയരങ്ങളിലേക്കുള്ള എന്റെ യാത്ര

**വിപിൻ വിൽഫ്രഡ്**



പന്ത്രണ്ടാം വയസ്സിലെ ഒരു സ്കൂൾ പിക്നിക്കാണ് അവളുടെ സ്വപ്നങ്ങളെ മാറ്റിമറിച്ചത്. പർവതശൃംഗങ്ങൾ ഓരോന്നോരോന്നായി കീഴടക്കിയൊടുവിൽ ഭൂമിയുടെ ഉച്ചിയിൽ പദമൂന്നി നിവർന്നുനിൽക്കുമ്പോൾ അത് ആ പെൺകുട്ടി അന്നുകണ്ട വിചിത്രമായൊരു സ്വപ്നത്തിന്റെയും ആ സ്വപ്നത്തിനു പിന്നാലെയുള്ള കഠിന പ്രയാണത്തിന്റെയും സാക്ഷാത്കാരമായിരുന്നു. ലോകത്തെ ഏറ്റവും വലിയ കൊടുമുടി കീഴടക്കിയ ആദ്യ ഇന്ത്യാക്കാരിയായി അവൾ, ബചേന്ദ്രി പാൽ.

ഇൻഡോ-ടിബറ്റ് അതിർത്തിയിലൊരു ഗ്രാമത്തിൽ, പലചരക്കു കച്ചവടക്കാരനായിരുന്ന ശ്രീകിഷൻ സിംഗ് പാലിന്റെയും ഹൻസാദേവിയുടെയും ഏഴുമക്കളിൽ രണ്ടാമത്തവളായി 1954 മെയ് 24നാണ് ബചേന്ദ്രി പാൽ ജനിച്ചത്. ഹിമാലയൻ താഴ്വരയിൽ ഉത്തരകാശിയിലെ നാകുരി ഗ്രാമത്തിൽ നിത്യവൃത്തിക്കുപോലും വകയില്ലാത്ത അതിദരിദ്ര കുടുംബമായിരുന്നു അവളുടേത്. ഓർക്കാൻ ഒട്ടും സുഖമുള്ള ബാല്യമായിരുന്നില്ല അവൾക്കു മുന്നിൽ അന്നുണ്ടായിരുന്നത്. പ്രതിസന്ധികളുടെ പർവത നിരകൾതന്നെ മുന്നിലുണ്ടായിരുന്നു. അവയെയൊക്കെ അതിജീവിച്ചുവേണമായിരുന്നു ജീവിതം ഉന്തിനീക്കാൻ.

പഠിക്കാൻ മിടുക്കിയായിരുന്നെങ്കിലും നിത്യവൃത്തിക്കായി തുന്നൽപ്പണികൂടി ചെയ്യേണ്ടിവന്നു. ഒപ്പം, അച്ഛനെയും അമ്മയെയും കച്ചവടകാര്യങ്ങളിലും സഹായിച്ചുപോന്നു. തങ്ങളാലാവുംവിധം അവളെ പഠിപ്പിച്ച് ഒരു സ്കൂൾ ടീച്ചറാക്കി മാറ്റണമെന്നായിരുന്നു ആ അപ്പനമ്മമാരുടെ ആഗ്രഹം.

അങ്ങനെയിരിക്കെയാണ് എട്ടാം ക്ലാസ്സിലെ സ്കൂൾ പിക്നിക്കിൽ പങ്കെടുക്കാൻ അവൾക്ക് അവസരം കിട്ടുന്നത്. അല്പം അകലെയുള്ള

മലമുകളിലേക്കുള്ള കാൽനട യാത്രയായിരുന്നു അത്. സഹയാത്രികരൊക്കെ തളർന്നിരുന്നുപോയപ്പോഴും അവൾക്ക് ഒട്ടും തളർച്ചയുണ്ടായില്ല. സമുദ്രനിരപ്പിൽനിന്ന് പതിമൂവായിരത്തിലേറെ അടി ഉയരമുള്ള ആ മലയുടെ മുകളിലെത്തിയപ്പോഴേക്കും ഒരു നൂറു ഗിരിശൃംഗങ്ങൾ കീഴടക്കാനുള്ള ഊർജം അവളുടെ സ്വപ്നങ്ങളിലും സിരകളിലും പടർന്നിരുന്നു.

പഠനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഒരുപോലെ മികവുകാട്ടിയിരുന്ന ആ മിടുക്കിക്കുട്ടിയെ സ്കൂൾ പ്രിൻസിപ്പൽ പ്രത്യേകം ശ്രദ്ധിച്ചു. അവളുടെ ഉന്നതപഠനത്തിന് നല്ല പ്രോത്സാഹനംതന്നെ നൽകി.

"അങ്ങനെ ഞാൻ എന്റെ ഗ്രാമത്തിലെ ആദ്യ ബിരുദധാരിയായി മാറി. എന്റെ കുടുംബത്തിന് അത് വലിയ അഭിമാനമായി. ഞാനൊരു സർക്കാർ ജോലി സ്വീകരിക്കണമെന്ന് അവർ ആഗ്രഹിച്ചു..."

ബചേന്ദ്രി ഓർക്കുന്നു. തുടർന്നവൾ ബിരുദാനന്തര ബിരുദവും ബി എഡും നേടി.

അധ്യാപികയായി ജീവിതം മുന്നോട്ടു നയിക്കണമെന്ന മാതാപിതാക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെയും നിർബന്ധം അവളെ ഒട്ടൊന്നുമല്ല അലോസരപ്പെടുത്തിയത്. എന്നാൽ, കൊടുമുടികൾ കീഴടക്കുവാനുള്ള തന്റെ സ്വപ്നത്തെ പിന്തുടരുവാൻ തന്നെയായിരുന്നു അവളുടെ തീരുമാനം. അങ്ങനെ, വീട്ടുകാരുടെ കഠിനമായ എതിർപ്പ് വകവയ്ക്കാതെ, 1982ൽ അവൾ ഉത്തരകാശിയിലെ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീറിംഗിൽ ചേർന്നു.

പരിശീലനകാലത്ത് 21,900 അടി ഉയരമുള്ള ഗംഗോത്രി പർവതവും 19,091 അടി ഉയരമുള്ള രുദ്രഗാരിയ പർവതവും കീഴടക്കാനായത് വലിയ ആത്മവിശ്വാസമേകി. വൈകാതെ സ്ത്രീകളെ പർവതാരോഹണം പരിശീലിപ്പിക്കുന്ന നാഷണൽ അഡ്വഞ്ചർ ഫൗണ്ടേഷനിൽ പരിശീലകയായി ബചേന്ദ്രി നിയമിക്കപ്പെട്ടു.

അങ്ങനെയിരിക്കെയാണ് ആ വാർത്ത അവളെത്തേടിയെത്തുന്നത്. എവറസ്റ്റ് 84 എന്ന പേരിൽ ഭാരത സർക്കാർ നടത്തുന്ന നാലാമത് എവറസ്റ്റ് പര്യവേക്ഷണ സംഘത്തിൽ ബചേന്ദ്രി പാലിനെയും ഉൾപ്പെടുത്തിയിരിക്കുന്നു. ആ വാർത്ത അവളെ ആനന്ദത്തിന്റെ കൊടുമുടിയിലേറ്റി.

1984 മെയ് മാസത്തിൽ ആ പതിനേഴംഗ സംഘം നേപ്പാളിന്റെ തലസ്ഥാനമായ കാഠ്മണ്ഡുവിൽ പറന്നിറങ്ങി. നേപ്പാളികൾ സാഗർ മാതാ എന്നുവിളിക്കുന്ന എവറസ്റ്റ് കൊടുമുടിയുടെ ആദ്യദർശനത്തെക്കുറിച്ച് പിന്നീട് അവർ എഴുതി,

**"ശരിക്കും ആ വാർത്തയറിഞ്ഞപ്പോൾ സന്തോഷാതിരേകത്താൽ ഞാൻ തുള്ളിച്ചാടിപ്പോയി. എന്റെ ഏറ്റവും വലിയ സ്വപ്നം ഇതാ യാഥാർഥ്യമാവാൻ പോകുന്നു. എവറസ്റ്റ് കീഴടക്കാനുള്ള സംഘത്തിൽ ഞാനും! ആറു സ്ത്രീകളും പതിനൊന്ന് പുരുഷന്മാരുമുള്ള പര്യവേക്ഷണ സംഘമായിരുന്നു അത്."**

"ഞങ്ങൾ മലവാസികൾ എക്കാലത്തും പർവതങ്ങളെ ആരാധിച്ചിരുന്നു. അതുകൊണ്ടുതന്നെ ആ പ്രഥമദർശനം എന്നിൽ നിറച്ചത് അളവറ്റ ഭക്തിയാണ്..."

വൈകാതെ മലകയറ്റമാരംഭിച്ചു. വലിയൊരു മഞ്ഞിടിച്ചിലാ (Avalanche) ണ് തുടക്കത്തിൽത്തന്നെ ആ സംഘത്തിനു നേരിടേണ്ടിവന്നത്. അവർ താമസിച്ചിരുന്ന ക്യാമ്പാകെത്തന്നെ മഞ്ഞിനടിയിലായിപ്പോയി. പരിക്കും പ്രാണഭയവും കാരണം പകുതിയിലേറെപ്പേർ ആ ദൗത്യം ഉപേക്ഷിക്കുകതന്നെ ചെയ്തു. ആ രാത്രിയെ അവർ ഇങ്ങനെ ഓർത്തെടുത്തു.

"മെയ് 15ന് 24,000 അടി ഉയരത്തിലായിരുന്നു ഞങ്ങൾ. മൂന്നാമത്തെ ക്യാമ്പിൽ, പകലത്തെ കഠിനമായ പർവതാരോഹണത്തിനുശേഷം നല്ല ഉറക്കത്തിലായിരുന്നു. രാത്രി പന്ത്രണ്ടരയോടെ എന്തോ എന്റെ ശരീരത്തിൽ ശക്തിയായി വന്നിടിക്കുന്നതായി അനുഭവപ്പെട്ടു. ഞെട്ടിയുണർന്നപ്പോൾ കാതടപ്പിക്കുന്ന ശബ്ദം. ചിന്തിക്കാൻ സമയം കിട്ടുംമുമ്പുതന്നെ തണുത്തുറഞ്ഞു ഭാരമേറിയ എന്തോ ഒന്ന് എന്നെ വന്ന് മൂടിയിരുന്നു."

സഹയാത്രികരിൽ ചിലരാണ് മഞ്ഞിനടിയിൽ കുരുങ്ങി ശ്വാസം നിലച്ച നിലയിൽ അവരെ വലിച്ചു പുറത്തെടുത്തത്.

സംഘത്തിലെ മറ്റു സ്ത്രീകളും ചില പുരുഷന്മാരും ആ ഉദ്യമത്തിൽനിന്ന് പിന്മാറിയെങ്കിലും വർധിതമായ ഇച്ഛാശക്തിയോടെ മുന്നോട്ടു നീങ്ങാൻ തന്നെയായിരുന്നു ബചേന്ദ്രിയുടെ തീരുമാനം. ചില ദിവസങ്ങൾ വിശ്രമിച്ച ശേഷം പുതുതായെത്തിയ ചിലരോടൊപ്പം ആ സംഘം മലകയറ്റം തുടർന്നു. അന്നുരാത്രി 26,000 അടി ഉയരത്തിലെ നാലാം ക്യാമ്പിൽ അവർ വിശ്രമിച്ചു.

"എന്റെ മുപ്പതാം പിറന്നാളിനും ഒരു ദിവസം മുമ്പ് ഞാൻ എവറസ്റ്റിനു മുകളിലെത്തി. ഇന്നുവരെ എനിക്കു കിട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും വിലയേറിയ പിറന്നാൾ സമ്മാനം. കുട്ടിയായിരിക്കുമ്പോഴേ ഞാനൊരു സ്വപ്നാടകയായിരുന്നു. പ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധിയെ ഒന്നു നേരിൽ കാണണമെന്ന് ഞാൻ സ്വപ്നം കണ്ടിരുന്നു. എന്റെയീ നേട്ടത്തിൽ എന്നെ അഭിനന്ദിക്കാൻ അവരെത്തിയപ്പോൾ ആ സ്വപ്നവും പൂവണിഞ്ഞു. 'നീ ഒരു നൂറു ബചേന്ദ്രിമാരെ ഇന്ത്യയിൽ വാർത്തെടുക്കണം' എന്നവർ എന്നോടു പറഞ്ഞു..."



പിറ്റേന്ന്, മെയ് 23ന് രാവിലെ ആറരയോടെ അവർ വീണ്ടും മലകയറാനാരംഭിച്ചു. മണിക്കൂറിൽ 100 കിലോമീറ്ററിലേറെ വേഗതയിൽ ആഞ്ഞടിക്കുന്ന ഹിമക്കാറ്റിൽ, ചെങ്കുത്തായ ഹിമപാളികൾക്കു മേൽ ഓരോ ഇഞ്ചും മുന്നേറാൻ അവർ നന്നേ കഷ്ടപ്പെട്ടു. മൈനസ് 30 മുതൽ 40 ഡിഗ്രിവരെയായിരുന്നു താപനില.

**കഠിനപ്രയത്നത്തിനൊടുവിൽ ഉച്ചയ്ക്ക് 1:07ന് ആ ചരിത്രം പിറന്നു. ലോകത്തിലെ ഏറ്റവും ഉയരമുള്ള കൊടുമുടി അവൾക്ക് കീഴടങ്ങി. ബചേന്ദ്രി പാൽ എന്ന ആ ഗ്രാമീണയുവതി എവറസ്റ്റ് കീഴടക്കിയ ആദ്യ ഇന്ത്യൻ വനിതയായി മാറി.**

തുടർന്നും തനിക്ക് ഏറ്റവും പ്രിയപ്പെട്ട പർവതാരോഹണ രംഗത്തുതന്നെ അവൾ തുടർന്നു. ഇൻഡോ നേപ്പാളിയൻ വനിതകളുടെ എവറസ്റ്റ് പര്യവേക്ഷണ സംഘത്തെയും 225 ദിവസം കൊണ്ട് 4500 കിലോമീറ്റർ ഹിമപാതകൾ താണ്ടിയ ആദ്യ ഇന്ത്യൻ വനിതാ ട്രാൻസ് ഹിമാലയൻ പര്യവേക്ഷണ സംഘത്തെയുമൊക്കെ നയിക്കാനുള്ള ദൗത്യം ബചേന്ദ്രി പാലിനെ തേടിയെത്തി.

പിന്നീട്, പര്യവേക്ഷണത്തിലും സാഹസിക വിനോദങ്ങളിലും പരിശീലനം നൽകുക ലക്ഷ്യമിട്ട് രൂപീകരിച്ച ടാറ്റ സ്റ്റീൽ അഡ്വഞ്ചർ ഫൗണ്ടേഷനെ നയിക്കാനുള്ള ദൗത്യവും ബചേന്ദ്രിയെ തേടിയെത്തി.

പദ്മഭൂഷൺ, പദ്മശ്രീ, അർജുന അവാർഡ്, നാഷണൽ അഡ്വഞ്ചർ അവാർഡ് തുടങ്ങി ധാരാളം ബഹുമതികൾ ബചേന്ദ്രിപാലിനെ തേടിയെത്തിയിട്ടുണ്ട്. ഗിന്നസ് ബുക് റെക്കോർഡുൾപ്പെടെ നിരവധി നേട്ടങ്ങൾ വേറെയും. Everest - My Journey to the Top എന്ന ആത്മകഥയിൽ സ്വപ്നശൃംഗങ്ങളെ കീഴടക്കാനുറച്ചുള്ള തന്റെ ജീവിതയാത്രയെ അവൾ വിശദമായി കുറിച്ചിട്ടു.

**"ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കരുത്, അവനവനിൽ വിശ്വസിക്കുക, കഠിനമായ പ്രയത്നത്തിലും അച്ചടക്കത്തിലുമൂന്നി പ്രവർത്തിക്കുക. നിങ്ങളിലെ നിങ്ങളെ യഥാർഥമായും കണ്ടെത്താനായി സാഹസത്തിന് മടിക്കരുത്. ഒന്നും അസാധ്യമല്ല."**

എല്ലായ്പ്പോഴും ഒരു Can do നിലപാട് പുലർത്തണം എന്നതാണ് ബചേന്ദ്രി പാൽ യുവതലമുറയ്ക്ക് നൽകുന്ന സന്ദേശം.

# കാറ്റ്

എൻ പി ചന്ദ്രശേഖരൻ

ആരാനും കണ്ടിട്ടുണ്ടോ — ആലോലം കാറ്റിനെ?
ആരാരും കണ്ടിട്ടില്ല — ഇനിയാരും കാണില്ല;

എന്നാലോ പൂക്കൾ വീശും — ചില്ലകൾ പറയുന്നൂ:
കാറ്റുണ്ട്, കാറ്റിന്ന് — കനവുണ്ട്, കവിതയുണ്ട്;

പിന്നെയോ, താഴെ വീഴും — മഞ്ഞയിലകൾ പറയുന്നൂ:
കാറ്റുണ്ട്, കാറ്റിന്ന് — കാലമുണ്ട്, കാര്യമുണ്ട്;

തീർന്നില്ലാ, കാറ്റത്തെ — ചെടികളിതാ പറയുന്നൂ:
കാറ്റുണ്ട്, കാറ്റിന്ന് — വിജയമുണ്ട്, തോൽവിയുണ്ട്;

ഒടുവിലോ, കാറ്റൊഴിയും — കുമിളകളും പറയുന്നൂ
കാറ്റുണ്ട്, കാറ്റിന്നും — ജനനമുണ്ട്, മരണമുണ്ട്.

ആരാനും കണ്ടിട്ടുണ്ടോ — ആലോലം കാറ്റിനെ?
ഞങ്ങളിന്ന് കണ്ടല്ലോ — ഈ പാട്ടാൽ കാറ്റിനെ!





വര: സുധീർ പി വൈ

# പഴങ്ങളുടെ സുഗന്ധം

ഡോ. വിഷ്ണു വി എസ്

ഓറഞ്ചിന്റെ മണവും രുചിയുമുള്ള സോഡ പലരും കുടിച്ചിരിക്കും. പക്ഷേ അതിൽ അല്പംപോലും ഓറഞ്ച് ചേർത്തിട്ടേ ഉണ്ടാവില്ലെന്നു മാത്രം. ഇപ്പോഴത്തെ സോഫ്റ്റ്ഡ്രിങ്ക്സ് വിപണിയിൽ ഇങ്ങനെയുള്ള അനേകം ഉത്പന്നങ്ങൾ നമുക്കു വാങ്ങാൻ കിട്ടും. പല പല പഴങ്ങളുടെ രുചിയും മണവുമുള്ള, എന്നാൽ ആ പഴങ്ങളൊന്നും അല്പംപോലും ചേരാത്ത പാനീയങ്ങൾ!


പിന്നെങ്ങനെയാണ് ഓറഞ്ചിന്റെയും പൈനാപ്പിളിന്റെയും രുചിയും മണവും ഇതിനു കിട്ടുന്നത്? ആപ്പിളിന്റെ രുചി കിട്ടുന്നത്? സ്ട്രോബെറിയുടെ മണം കിട്ടുന്നത്? എങ്ങനെയാണ് നമുക്ക് ആ സ്വാദും മണവുമെല്ലാം അനുഭവിക്കാനാവുന്നത്?

ഭക്ഷണപദാർത്ഥത്തിലെ രാസഘടകങ്ങളെ തിരിച്ചറിയുന്നതിനുള്ള സംവേദനമാണ് രുചി അല്ലെങ്കിൽ രസം. രുചിയുള്ള ഭക്ഷണം ആസ്വാദ്യകരമായ അനുഭവമാണ് നമ്മിലുണ്ടാക്കുന്നത്. ഭക്ഷ്യവസ്തുക്കളുടെ രുചിക്കൊപ്പം ഗന്ധവും നമ്മെ ആകർഷിക്കാറില്ലേ. ഭക്ഷണപാനീയങ്ങളുടെ സ്വീകാര്യത മെച്ചപ്പെടുത്തുന്നതിൽ അതിന്റെ ഗന്ധത്തിന് വലിയ പങ്കുണ്ട്. ഒരു ഭക്ഷ്യവസ്തുവിന് എത്രയൊക്കെ മെച്ചങ്ങൾ ഉണ്ടെന്നവകാശപ്പെട്ടാലും, മനസ്സിന് ഇണങ്ങാത്ത ഗന്ധമാണെങ്കിൽ ആരും അത് ഉപയോഗിക്കാൻ താല്പര്യപ്പെടില്ല എന്നതാണ് വസ്തുത! അതിനാൽത്തന്നെയാണ് മുമ്പു പറഞ്ഞപോലെ സവിശേഷ രുചിയും ഗന്ധവുമുള്ള ശീതളപാനീയങ്ങൾ ഇന്ന് സുലഭമായി ലഭ്യമാവുന്നത്.

മേൽ വസ്തുക്കൾക്ക് രുചിയും ഗന്ധവും നൽകുന്നത് ആരെന്നറിയാമോ. ചില രാസവസ്തുക്കളുടെ സാന്നിധ്യമാണ് രുചിക്കും

**പൈനാപ്പിളിന്റെ രുചിയും മണവുമുള്ള ശീതളപാനീയം. നമ്മൾ കരുതും പൈനാപ്പിൾ കൊണ്ട് ഉണ്ടാക്കിയതാണ് അതെന്ന്. പാനീയക്കുപ്പിയുടെ പുറത്തുള്ള ലേബൽ വായിച്ചുനോക്കിയാൽ അറിയാം, പൈനാപ്പിൾ അല്പംപോലും അതിൽ ചേർത്തിട്ടേയില്ല എന്ന്.**






▲
പൈനാപ്പിളിന് തനതു മണവും രുചിയും നൽകുന്ന Ethyl butanoate എന്ന രാസവസ്തുവിന്റെ തന്മാത്രാഘടന.

Image: Claudio Pistilli / Wiki commons



ഗന്ധത്തിനും കാരണം. പൂക്കളുടെയും പഴങ്ങളുടെയും സവിശേഷസുഗന്ധം പല രാസവസ്തുക്കളുടെയും സങ്കീർണ്ണമായ മിശ്രിതത്തിന്റെ ഫലമായി ലഭിക്കുന്നതാണ്. പ്രകൃതിദത്തമായതും അല്ലാത്തതുമായ വിവിധങ്ങളായ തന്മാത്രകൾ നിശ്ചിതമായ രുചിയും ഗന്ധവും നൽകാൻ കെല്പുള്ളതായുണ്ട്. എസ്റ്ററുകൾ എന്ന വിഭാഗത്തിൽപ്പെടുന്ന കാർബണിക തന്മാത്രകളാണ് ഇതിൽ ഏറ്റവും പ്രധാനം.

വ്യത്യസ്തമായ സുഗന്ധങ്ങൾക്ക് എസ്റ്ററുകൾ കാരണമാകാറുണ്ട്. പ്രകൃതിയിൽ സ്വാഭാവികമായി ധാരാളമായിത്തന്നെ ഇവ ഉണ്ട്. എന്നാൽ ഇവയെ കൃത്രിമമായും നിർമ്മിച്ചെടുക്കാൻ കഴിയും. നിരവധിയായ തരത്തിലുള്ള പഴങ്ങൾ, പൂക്കൾ തുടങ്ങിയവയുടെ സുഗന്ധരൂപത്തെ കൃത്രിമമായി നിർമ്മിക്കുന്ന എസ്റ്ററുകൾ അനുകരിക്കുന്നതായി കാണാം. എസ്റ്ററുകളുടെ ഈ പ്രത്യേകതയാണ് അവയെ വ്യാപകമായി ഉപയോഗിക്കാൻ കാരണമാകുന്നത്.

ശീതളപാനീയങ്ങളിലും മറ്റു ഭക്ഷണപദാർത്ഥങ്ങളിലും മാത്രമല്ല ഇവ ഇന്ന് ഉപയോഗിക്കപ്പെടുന്നത്. സോപ്പുകൾ, ഔഷധങ്ങൾ എന്നിവയിലും ഇവരുടെ സാന്നിധ്യം കാണാം. മെഴുകുതിരികൾ വൈദ്യുതവിളക്കുകൾക്കു വഴിമാറിക്കൊടുത്തിട്ട് ഏറെക്കാലമായെങ്കിലും ഇന്നും അവ ഒരു അലങ്കാരവസ്തുവായി തുടരുന്നുണ്ട്. ഇക്കൂട്ടത്തിൽ വാസനയുള്ള മെഴുകുതിരികൾ നിർമിക്കുന്നതിനുള്ള ചേരുവയിൽപ്പോലും നിശ്ചിതവാസനയുള്ള എസ്റ്ററുകൾ ചേർക്കാറുണ്ട്.

## എന്താണ് എസ്റ്ററുകൾ?

കാർബോക്സിലിക് ആസിഡും ആൽക്കഹോളും ചേർന്ന് പ്രതിപ്രവർത്തിക്കുമ്പോഴാണ് എസ്റ്ററുകൾ ലഭിക്കുന്നത്. R–COO–R എന്ന പൊതുസമവാക്യം ഉപയോഗിച്ച് എസ്റ്ററുകളെ പ്രതിനിധാനം ചെയ്യാം. ഇവിടെ R എന്നത് ആസിഡിൽനിന്നും ആൽക്കഹോളിൽനിന്നും ലഭിക്കുന്ന ആൽക്കൈൽ ഭാഗങ്ങളാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ –COO– എന്ന ഫങ്ഷണൽ ഗ്രൂപ് ഉള്ള കാർബണിക തന്മാത്രകളാണ് എസ്റ്ററുകൾ.

വിവിധങ്ങളായ ആൽക്കഹോളുകളുടെയും കാർബോക്സിലിക് ആസിഡുകളുടെയും സംയോജനം വ്യത്യസ്ത എസ്റ്ററുകളെയാണ് സൃഷ്ടിക്കുക! ഓരോ എസ്റ്ററിനും തനതായ സൗരഭ്യവുമുണ്ടാകും. ആൽക്കഹോളുകൾക്ക് സാധാരണയായി ആസ്വാദ്യകരമായ ഗന്ധമാണ്

ഉള്ളതെങ്കിലും കാർബോക്സിലിക് ആസിഡുകൾ ഇക്കാര്യത്തിൽ പിന്നോട്ടാണ്. പൊതുവിൽ അവയ്ക്കു സുഖകരമായ ഗന്ധമില്ല. വിനാഗിരിയുടെ രൂക്ഷഗന്ധം നമുക്ക് പരിചിതമാണല്ലോ. എന്നാൽ ഇവ ചേർന്നുണ്ടാകുന്ന എസ്റ്ററുകൾക്ക് പൊതുവിൽ ആസ്വാദ്യകരമായ ഗന്ധമാണുള്ളത്.

പൈനാപ്പിളിനു സമാനമായ ഗന്ധം പ്രദാനം ചെയ്യുന്ന എസ്റ്ററാണ് ഈഥൈൽ ബ്യൂട്ടനോയേറ്റ് ($CH_3CH_2CH_2COOCH_2CH_3$). ബ്യൂട്ടനോയിക് ആസിഡും ഈഥൈൽ ആൽക്കഹോളും പ്രതിപ്രവർത്തിപ്പിച്ചാണ് ഈ തന്മാത്ര നിർമ്മിക്കുന്നത്. വാഴപ്പഴത്തിന്റെ ഗന്ധം നൽകുന്ന ഐസോഅമൈൽ അസറ്റേറ്റ് മറ്റൊരുദാഹരണമാണ്. നാരങ്ങയുടെ തനതുഗന്ധം പ്രദാനം ചെയ്യുന്ന എസ്റ്ററാണ് നെറൈൽ അസറ്റേറ്റ്. പെർഫ്യൂമുകളുടെ നിർമ്മാണത്തിലും ഭക്ഷ്യവ്യവസായത്തിൽ ഒരു ഫ്ലേവറിംഗ് ഏജന്റായും സാധാരണയായി ഇത് ഉപയോഗിക്കുന്നു.

തന്മാത്രാഘടനയിലെ നേരിയ മാറ്റം പോലും എസ്റ്ററുകളുടെ സ്വഭാവത്തെ വലിയ രീതിയിൽ വ്യത്യാസപ്പെടുത്തും. ഈഥൈൽ സിന്നമേറ്റും മീഥൈൽ സിന്നമേറ്റും ഇതിനുദാഹരണമാണ്. ആദ്യത്തേതിന് കറുവപ്പട്ടയുടെ ഗന്ധമാണെങ്കിൽ രണ്ടാമത്തേതിനാകട്ടെ സ്ട്രോബെറിയുടെ ഗന്ധമാണുള്ളത്. മെഥനോളും ഫിനൈയിൽ അസെറ്റിക് ആസിഡും ചേർന്നുണ്ടാകുന്ന മീതൈൽ ഫിനൈയിൽ അസറ്റേറ്റ് തേനിന്റേതിനു സമാനമായ ഗന്ധമുള്ള സംയുക്തമാണ്.


പൂക്കളുടെ സുഗന്ധം മുതൽ പഴങ്ങളുടെ ആസ്വാദ്യകരമായ രുചിവരെ നമ്മുടെ ഇന്ദ്രിയാനുഭവങ്ങളുടെ ഭാഗമാക്കുന്നതിൽ എസ്റ്ററുകൾ ഒരു പ്രധാന പങ്കുവഹിക്കുന്നു. എസ്റ്ററുകളുടെ ഉപയോഗം ഇതിനു മാത്രമെന്ന് കരുതരുത്. പെയിന്റ്, വാർണിഷ് എന്നിവയിൽ ലായകമായും എസ്റ്ററുകൾ ഉപയോഗിക്കാറുണ്ട്. നെയിൽ പോളിഷ് മാറ്റുവാൻ ഉപയോഗിക്കുന്ന രാസവസ്തുവും ഒരു എസ്റ്ററാണ്.

കൃത്രിമ മധുരകാരികളെക്കുറിച്ചു കേട്ടിട്ടില്ലേ. മധുരപലഹാരങ്ങളിലും മറ്റും പഞ്ചസാരയ്ക്കു പകരം വ്യാപകമായി ഉപയോഗിക്കുന്ന വസ്തുക്കളാണിവ. അക്കൂട്ടത്തിൽ പ്രധാനിയാണ് അസ്പാർടൈം. പഞ്ചസാരയെ അപേക്ഷിച്ച് 200 മടങ്ങു മധുരമുണ്ട് ഈ രാസവസ്തുവിന്. രാസപരമായി അസ്പാർടൈം (Aspartame) ഒരു എസ്റ്ററാണ്. *(അസ്പാർട്ടിക് ആസിഡ് / ഫിനൈൽ അലാനിൻ ഡൈപെപ്റ്റൈഡിന്റെ മീതൈൽ എസ്റ്ററാണ് അസ്പാർടൈം.)*

ഭക്ഷ്യവസ്തുക്കൾക്ക് നറുമണവും അതിന്റെ സ്വാധീനത്തിൽ അനുഭവപ്പെടുന്ന രുചിയും പകരാൻ ചെറിയ അളവ് എസ്റ്റർ മാത്രമാണാവശ്യമായി വരുന്നത്. ഭക്ഷ്യയോഗ്യമായ എസ്റ്ററുകളെയും അനുവദനീയമായ അളവിനെയും സംബന്ധിച്ച മാനദണ്ഡങ്ങൾ ലഭ്യമാണ്.

മനുഷ്യജീവിതത്തിന്റെ ഏതാണ്ടെല്ലാ മേഖലകളെയും സ്പർശിച്ചിട്ടുള്ള ശാസ്ത്രശാഖയാണ് രസതന്ത്രം. രസതന്ത്രത്തിന്റെ വ്യാവസായിക പ്രയോഗങ്ങൾ നിത്യജീവിതത്തെ നേരിട്ടുതന്നെ സ്വാധീനിക്കുന്നു എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് എസ്റ്ററുകളുടെ നിർമ്മാണവും ഉപയോഗവും!





▲ നാരങ്ങയുടെ തനതുഗന്ധമുള്ള Neryl acetate എന്ന രാസവസ്തുവിന്റെ തന്മാത്രാഘടന.

Image: Jynto / Wiki commons



# പദം

സാബു കോട്ടുക്കൽ

**പദങ്ങൾ കൊരുത്താണ് വാക്യമുണ്ടാക്കുന്നത്. വാക്യങ്ങൾ ഒന്നിനു പുറകേ ഒന്നായി പ്രയോഗിച്ചാണ് ഭാഷയിൽ ആശയരൂപീകരണം നടത്തുന്നത് എന്നറിയുക. വാക്യങ്ങൾ നിർമ്മിക്കാനായി ഉപയോഗിക്കുന്ന പദങ്ങൾ പല തരത്തിലുള്ളതാണ്. അവയെ പ്രധാനമായും മൂന്നുതരത്തിൽ വിഭജിക്കാവുന്നതാണ്.**

പദം എന്നാൽ വാക്ക്. ശബ്ദങ്ങളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരുന്നല്ലോ. ശബ്ദത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തിയാണ് പദമുണ്ടാക്കുന്നത്. വാക്യത്തിൽ പ്രയോഗിക്കുവാൻ സജ്ജമാക്കിയിട്ടുള്ള ശബ്ദങ്ങളെയാണ് പദങ്ങൾ എന്നു പറയുന്നത്. ചിലപ്പോൾ ശബ്ദത്തെ പരിഷ്കാരം വരുത്താതെയും പദമായി ഉപയോഗിക്കും.

**മീര മരം നട്ടു.**

**വിഷ്ണു മരത്തിൽ കയറുന്നു.**

മുകളിൽ നൽകിയിട്ടുള്ള രണ്ടു വാക്യങ്ങളിലും ഒരുപോലെ കാണുന്ന ഘടകമാണല്ലോ മരം എന്നത്. ഒന്നാമത്തെ വാക്യത്തിൽ മരം സ്വതന്ത്രമായ പദമായി നിൽക്കുകയാണ്. എന്നാൽ രണ്ടാമത്തെ വാക്യത്തിലെ മരം പദമാകാൻ ചെറിയ പരിഷ്കാരം വേണ്ടിവന്നു. മരം എന്ന ശബ്ദത്തോടൊപ്പം ഇൽ എന്ന പ്രത്യയം കൂടി ചേർത്തപ്പോഴാണ് മരത്തിൽ എന്ന പദം ഉണ്ടായത്. (മരം + ഇൽ = മരത്തിൽ)

പദങ്ങൾ കൊരുത്താണ് വാക്യമുണ്ടാക്കുന്നത്. വാക്യങ്ങൾ ഒന്നിനു പുറകേ ഒന്നായി പ്രയോഗിച്ചാണ് ഭാഷയിൽ ആശയരൂപീകരണം നടത്തുന്നത് എന്നറിയുക. വാക്യങ്ങൾ നിർമ്മിക്കാനായി ഉപയോഗിക്കുന്ന പദങ്ങൾ പല തരത്തിലുള്ളതാണ്. അവയെ പ്രധാനമായും മൂന്നുതരത്തിൽ വിഭജിക്കാവുന്നതാണ്.

1. **നാമപദം**
2. **ക്രിയാപദം**
3. **വിശേഷണപദം**

നാമം എന്ന വാക്കിന് പേര് എന്നാണർത്ഥം. ഏതെങ്കിലും ഒന്നിന്റെ പേരായിരിക്കുന്ന പദമാണ് നാമം. അത് വ്യക്തി(ബാബു, ലീല, വിനീഷ്), വസ്തു(കല്ല്, മരം, വെള്ളം), സ്ഥാപനം(സ്കൂൾ, പോലീസ് സ്റ്റേഷൻ, കോടതി) തുടങ്ങി ഏതുമാകാം. എന്തിന്റെയെങ്കിലും പേരായിരിക്കണം എന്നു മാത്രം.

ക്രിയ എന്നാൽ പ്രവൃത്തി എന്നാണർത്ഥം. അപ്പോൾ ഏതെങ്കിലും പ്രവൃത്തിയെ സൂചിപ്പിക്കുന്ന പദമാണ് ക്രിയ എന്നു വ്യക്തമായില്ലേ. ചില പ്രവൃത്തിസൂചകമായ പദങ്ങൾ നോക്കൂ: ഓടുന്നു, നടക്കുന്നു, എടുക്കുന്നു, കൊടുക്കുന്നു, തിന്നുന്നു. ഇവയെല്ലാം ക്രിയാപദങ്ങളാണ്.

പദങ്ങളുടെ അർത്ഥത്തെ വിശേഷിപ്പിക്കുന്ന പദങ്ങളാണ് വിശേഷണങ്ങൾ. നാമപദത്തെയും ക്രിയാപദത്തെയും വിശേഷണപദത്തെത്തന്നെയും വിശേഷിപ്പിക്കുന്ന പദങ്ങളുണ്ട്. ഇവയെല്ലാം വിശേഷണങ്ങൾ തന്നെ.

**കായലിലൂടെ <u>വലിയ</u> വള്ളം പോകുന്നു.**

**കുട്ടി <u>വേഗത്തിൽ</u> ഓടുന്നു.**

**<u>അല്പം</u> <u>വളഞ്ഞ</u> കമ്പി എടുക്കൂ.**

മുകളിൽ കൊടുത്ത വാക്യങ്ങളിലെ അടിയിൽ വരയിട്ടിരിക്കുന്ന ഭാഗം നോക്കൂ. വലിയ വള്ളം എന്നതിലെ വലിയ എന്ന പദം വള്ളം എന്ന നാമപദത്തിന്റെ വിശേഷണമാണ്. അതുപോലെ രണ്ടാം വാക്യത്തിലെ വേഗത്തിൽ എന്ന പദം ഓടുന്നു എന്ന ക്രിയയുടെ വിശേഷണമാണ്. മൂന്നാമത്തെ വാക്യത്തിലെ അല്പം എന്ന പദം വളഞ്ഞ എന്ന വിശേഷണപദത്തിന്റെ വിശേഷണമാണ്. വലിയ, വേഗത്തിൽ, അല്പം, വളഞ്ഞ എന്നീ പദങ്ങളെല്ലാം വിശേഷണങ്ങളാണ്.

# തുമ്പപ്പൂവെന്തേ വെളുത്തിരിക്കാൻ

## ചെമ്പരത്തിപ്പൂ ചുവന്നിരിക്കാൻ

സീമ ശ്രീലയം

ചുവന്ന പനിനീർപ്പൂക്കൾ, ചെമ്പരത്തി, തെച്ചിപ്പൂക്കൾ, തൂവെള്ള നിറത്തിലുള്ള തുമ്പപ്പൂ, മന്ദാരം, മഞ്ഞമുക്കുറ്റി, ജമന്തി, നീല കാക്കപ്പൂ, പല വർണ്ണങ്ങളിൽ കുളിച്ചുനിൽക്കുന്ന ഓർക്കിഡ് പൂക്കൾ... ഇങ്ങനെ എത്രയെത്ര നിറങ്ങളിലാണ് പൂക്കൾ നമുക്കു ചുറ്റും വർണ്ണവസന്തം വിരിയിക്കുന്നതല്ലേ? യാത്രയ്ക്കിടയിൽ കണ്ണു തുറന്നൊന്നു പ്രകൃതിയിലേക്കു നോക്കിയാൽ നമ്മൾ പൂന്തോട്ടത്തിൽ വളർത്തുന്നതും അല്ലാത്തതുമായ എത്രയെത്ര പൂക്കളാണ് കാണാൻ സാധിക്കുക!

'എന്തുകൊണ്ട്' എന്ന ഗീതത്തിൽ കെ കെ കൃഷ്ണകുമാർ ചോദിക്കുന്നതുപോലെ,

"തുമ്പപ്പൂവെന്തേ വെളുത്തിരിക്കാൻ
ചെമ്പരത്തിപ്പൂ ചുവന്നിരിക്കാൻ"

എന്ന സംശയം എപ്പോഴെങ്കിലുമൊക്കെ കൂട്ടുകാരുടെ മനസ്സിലും തോന്നിയിട്ടുണ്ടാവുമല്ലോ. പൂക്കളിൽ വർണ്ണവിസ്മയം തീർക്കുന്ന നിറക്കൂട്ടുകൾക്കു പിന്നിലെ രസമുള്ള തന്ത്രത്തെക്കുറിച്ച് ഒരന്വേഷണമായാലോ?

പൂക്കളുടെ നിറത്തിനു പിന്നിലുമുണ്ട് പലതരം വർണ്ണവസ്തുക്കൾ. പ്രധാനമായും ആന്തോസയാനിനുകളും കരോട്ടിനോയ്ഡുകളുമാണ് പൂക്കളിൽ വർണ്ണവിസ്മയം തീർക്കുന്നത്. ആന്തോസയാനിൻ വർണ്ണകങ്ങൾ പൂക്കൾക്ക് ചുവപ്പ്, നീല, പർപ്പിൾ തുടങ്ങിയ നിറങ്ങൾ നൽകും. ചുവന്ന പനിനീർപ്പൂക്കളുടെയും നീല ശംഖുപുഷ്പത്തിന്റെയും നിറക്കൂട്ട് പിടികിട്ടിയല്ലോ അല്ലേ?


അപ്പോൾ പൂക്കൾക്ക് എങ്ങനെയാ ഈ വെളുപ്പുനിറം വരുന്നത് എന്നാവും ചില കൂട്ടുകാരുടെ സംശയം. ആന്തോസയാനിന്റെ അളവ് വളരെ വളരെ കുറവാണെങ്കിലും ആന്തോസയാനിന്റെ അഭാവമുണ്ടെങ്കിലും പൂക്കൾക്ക് വെളുപ്പു നിറമായിരിക്കും. മുല്ലപ്പൂവിന്റെയും തുമ്പപ്പൂവിന്റെയും പിച്ചിപ്പൂവിന്റെയുമൊക്കെ വെണ്മയ്ക്കു പിന്നിലെ രസതന്ത്രമിതാണ്. ഇനി ബാക്കി നിറങ്ങളുടെ കാര്യമോ?


കരോട്ടിനോയ്ഡ് വർണ്ണകങ്ങളും പൂക്കൾക്ക് ചുവപ്പു നിറം നൽകാറുണ്ട്. പൂക്കളുടെ മഞ്ഞ, ഓറഞ്ച് നിറങ്ങൾക്കു പിന്നിലും കരോട്ടിനോയ്ഡ് വർണ്ണകങ്ങൾതന്നെ. നമ്മൾ ചായങ്ങൾ കൂട്ടിക്കലർത്തി മറ്റു നിറങ്ങൾ സാധ്യമാക്കുന്നതുപോലെ പല വർണ്ണകങ്ങൾ കൂടിച്ചേർന്ന് ആകർഷകമായ നിറങ്ങളും ഉണ്ടാകും.

ചില പൂക്കളിൽ ആന്തോസയാനിനുകളും കരോട്ടിനോയ്ഡുകളും ഒന്നിച്ചുചേർന്നും വർണ്ണവിസ്മയങ്ങൾ വിരിയിക്കാറുണ്ട്. ജനിതക എഞ്ചിനീയറിങ് സങ്കേതങ്ങളുപയോഗിച്ച് ജീൻ എഡിറ്റിംഗ് നടത്തി പൂക്കളുടെ സ്വാഭാവിക നിറത്തിനു പകരം പല നിറങ്ങളും നൽകാൻ ഇന്നു സാധിക്കും.

ആകർഷകമായ നിറമുള്ള ചില അലങ്കാര ച്ചെടികൾ കണ്ടിട്ടില്ലേ? അവയുടെ ഇലകളിലും ഈ വർണ്ണവസ്തുക്കൾ അടങ്ങിയിരിക്കും. പി. എച്ച്. വ്യത്യാസപ്പെടുന്നതനുസരിച്ച് (അമ്ല, ക്ഷാര ഗുണങ്ങളിലെ വ്യത്യാസത്തിനനുസരിച്ച്) ഈ വർണ്ണകങ്ങൾ പൂക്കൾക്കു നൽകുന്ന നിറങ്ങളും വ്യത്യാസപ്പെടും. പൂക്കളിലെ വർണ്ണകങ്ങളുടെ അളവിന്റെ ഏറ്റക്കുറച്ചിലിന് അനുസരിച്ച് കടുംനിറങ്ങളും ഇളം നിറങ്ങളും ഉണ്ടാവുന്നു. ചെടികൾക്കു ലഭിക്കുന്ന സൂര്യപ്രകാശത്തിന്റെ തോത്, ഒരു പ്രദേശത്തെ താപനില, മണ്ണിന്റെ പി. എച്ച്., ജലാംശം തുടങ്ങി പല ഘടകങ്ങളും പൂക്കളുടെ നിറത്തെ സ്വാധീനിക്കാറുണ്ട്.

കാലാവസ്ഥാ വ്യതിയാനങ്ങളും പൂക്കളുടെ നിറത്തിന്റെ ഏറ്റക്കുറച്ചിലുകൾക്ക് കാരണമാവാറുണ്ട്. പരാഗണത്തിനായി തേനീച്ചകളെയും










Image: Navaneeth Krishnan S / Wikimedia commons



Image: Simon Koopmann/ Wikimedia commons



Image: AngMoKio / Wikimedia commons



Image: Vinayraj / Wikimedia commons

പൂമ്പാറ്റകളെയും വണ്ടുകളെയും ഹമ്മിങ്ബേഡിനെയുമൊക്കെ ആകർഷിക്കാൻ പൂക്കളിലെ വർണ്ണപ്പകിട്ട് സഹായിക്കുന്നുണ്ട്. രാത്രിയിൽ വിരിയുന്ന മുല്ല, പിച്ചി തുടങ്ങിയ പൂക്കളുടെ വെളുപ്പു നിറവും പ്രത്യേക ഗന്ധവും പരാഗണകാരികളെ ആകർഷിക്കാൻ സഹായിക്കുന്നു.

രാവിലെ വിരിയുമ്പോൾ നിറം വെള്ള, ഉച്ചയാവുമ്പോഴേക്കും ഇളം പിങ്ക് നിറം, വൈകുന്നേരമാവുമ്പോഴേക്കും നല്ല റോസ് നിറം ! ഇങ്ങനെ നിറം മാറുന്ന ചേഞ്ചിങ് റോസ് കണ്ടിട്ടുണ്ടാവുമല്ലോ. സൂര്യപ്രകാശത്തിന്റെ തീവ്രതയിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചാണ് ഈ നിറം മാറ്റം. ഇങ്ങനെ നിറം മാറുന്ന പൂക്കൾ വേറെയുമുണ്ട് കേട്ടോ.

ഇലകളുടെ പച്ച നിറത്തിനു കാരണം ഹരിതകം (ക്ലോറോഫിൽ) എന്ന വർണ്ണവസ്തുവാണെന്നും ഇതാണ് പ്രകാശസംശ്ലേഷണത്തിന് സസ്യങ്ങളെ സഹായിക്കുന്നതെന്നും അറിയാമല്ലോ. ഹരിതകത്തിൽ മഗ്നീഷ്യം എന്ന ലോഹം അടങ്ങിയിട്ടുണ്ട്.

ചില രാജ്യങ്ങളിൽ ശിശിരകാലത്ത് ചെടികളുടെ ഇലകൾ മുഴുവൻ മഞ്ഞയുടെയും ഓറഞ്ചിന്റെയും ചുവപ്പിന്റെയുമൊക്കെ വിവിധ വകഭേദങ്ങളിൽ കാണപ്പെടാറുണ്ടല്ലോ. ഈ സമയത്ത് ഇലകളിൽ ക്ലോറോഫില്ലിനെ അപേക്ഷിച്ച് സാന്തോഫിൽ, ബീറ്റാ കരോട്ടിൻ തുടങ്ങിയ കരോട്ടിനോയ്ഡ് വർണ്ണകങ്ങളുടെയും ചില ആന്തോസയാനിൻ വർണ്ണകങ്ങളുടെയുമൊക്കെ അളവ് കൂടുന്നതാണ് ഈ മാജിക്കിന്റെ രഹസ്യം.

പൂക്കളുടെ നിറങ്ങളിൽ ഏറെ ആകൃഷ്ടനായിരുന്ന സി വി രാമൻ ഈ നിറച്ചാർത്തിനെക്കുറിച്ചും അവയുടെ സ്പെക്ട്രൽ ഘടനയെക്കുറിച്ചും ഗവേഷണങ്ങൾ നടത്തിയിരുന്നു.

# വിദ്യാധനം

## പള്ളിയറ ശ്രീധരൻ

**പത്തൊമ്പതാം നൂറ്റാണ്ടിൽ റഷ്യയിൽ ജീവിച്ചിരുന്ന ഒരു പ്രശസ്ത കഥാകൃത്താണ് ആന്റൺ ചെക്കോവ്. അദ്ദേഹത്തിന്റെ ഒരു കഥ നമുക്ക് പരിചയപ്പെടാം.**



വര: ബോബി എം പ്രഭ

ഒരു രാജ്യത്തെ ഭരണാധികാരി വിചിത്രമായ ഒരു പന്തയം പ്രഖ്യാപിച്ചു. ഏറ്റവും കൂടുതൽ കാലം തടവറയിൽ കഴിയുന്ന ഒരാൾക്ക് വലിയ സമ്മാനം നൽകും. ഒരാളുടെ ക്ഷമാശീലം പരിശോധിക്കുകയായിരുന്നു ലക്ഷ്യം. കുറച്ചു ദിവസത്തേക്ക് ആരും തയ്യാറായി മുന്നോട്ടുവന്നില്ല.

താമസിയാതെ ഒരാൾ തയ്യാറായി വന്നു. താൻ തടവറയിൽ കഴിയാമെന്ന് അയാൾ അറിയിച്ചു. തടവറയിൽ താമസിക്കാൻ തയ്യാറായി വരാൻ അയാൾക്ക് നിർദേശം നൽകി. തടവറ സ്ഥിതിചെയ്യുന്ന സ്ഥലവും മറ്റു വിവരങ്ങളും അയാളെ അറിയിച്ചു.

നിർദേശമനുസരിച്ച് അയാൾ തടവറയുടെ സമീപത്ത് എത്തി. തലയിൽ ഒരു വലിയ ചാക്കു കെട്ടുമായിട്ടാണ് അയാൾ അവിടെ എത്തിയത്. തടവറയ്ക്കു മുന്നിൽ പട്ടാളക്കാർ ഉണ്ടായിരുന്നു. അവർ അയാളെയും അയാളുടെ തലയിലുണ്ടായിരുന്ന ചാക്കുകെട്ടും പരിശോധിച്ചു.

തടവറയിൽ കഴിയുന്ന ആൾക്ക് പുറമെനിന്ന് യാതൊന്നും കൊണ്ടുവരാൻ അവകാശമില്ല. പുറമെ നിന്നുള്ള ഭക്ഷണവും കഴിക്കാൻ പാടില്ല. ആരെയും കാണാനോ സംസാരിക്കാനോ അനുവാദമില്ല. തികച്ചും ഏകാന്തവാസത്തിലാണ് കഴിയേണ്ടത്.

ചാക്കുകെട്ട് പട്ടാളക്കാർ അഴിപ്പിച്ചു. അതിൽ വല്ല ഭക്ഷണവസ്തുക്കളോ സ്ഫോടകവസ്തുക്കളോ ഉണ്ടോ എന്ന് അറിയണമല്ലോ?

അവർ ആ കെട്ട് അഴിച്ചു നോക്കിയപ്പോൾ കണ്ടത് കുറെ പുസ്തകങ്ങളാണ്. വില്യം ഷേക്സ്പിയർ, വിക്ടർ ഹ്യൂഗോ, ഷെല്ലി, കീറ്റ്സ് തുടങ്ങിയ പ്രസിദ്ധ സാഹിത്യകാരരുടെ രചനകൾ. പുസ്തകമല്ലേ വായിക്കട്ടെ എന്ന് തീരുമാനിച്ച് പുസ്തകങ്ങൾ അയാൾക്കു തിരിച്ചുകൊടുത്തു.

ഈ പുസ്തകക്കെട്ടുമായി അയാൾ തടവറയിൽ പ്രവേശിച്ചു. മുറിയിൽ ഇരിക്കാൻ

ഒരു കസേരയും കിടക്കാൻ പായയും മാത്രം. മുറിക്ക് ചെറിയൊരു കിളിവാതിൽ മാത്രമുണ്ട്.

സമയാസമയം കിളിവാതിലിലൂടെ ഭക്ഷണം ലഭിച്ചിരുന്നു, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമുണ്ട്. മറ്റ് യാതൊരു സൗകര്യവുമില്ല. വാതിൽ എപ്പോഴും അടച്ചിരിക്കും. സ്വയം ഏറ്റെടുത്ത ജോലി അഥവാ ശിക്ഷ സഹിക്കുക തന്നെ.

അയാൾ പുസ്തകങ്ങൾ ഓരോന്നായി വായിക്കാൻ തുടങ്ങി. അങ്ങിനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. പുസ്തകങ്ങളെല്ലാം വായിച്ചു തീർന്നപ്പോൾ വീണ്ടും വായിച്ച പുസ്തകങ്ങൾതന്നെ വായിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം അയാൾ വാതിലിൽ മുട്ടി. കാവൽക്കാരൻ വന്നു.

അയാൾ കാവൽക്കാരനോടു പറഞ്ഞു:

“സുഹൃത്തേ ഞാൻ പോവുകയാണ്. പ്രഖ്യാപിക്കപ്പെട്ട ഒരു സമ്മാനവും എനിക്ക് ആവശ്യമില്ല.”

കാവൽക്കാരൻ വിലക്കി.

“ഹേയ് പോകരുത്. മത്സരത്തിന് മറ്റാരും ഇല്ലാത്ത സ്ഥിതിക്ക് താമസിയാതെ രാജാവ് നിങ്ങൾക്ക് വലിയ സമ്മാനങ്ങൾ തരും. ഇത്രയും കാലം നിങ്ങൾ ക്ഷമിച്ചില്ലേ, ഇനി കുറച്ചുകാലം കൂടി ക്ഷമിക്ക്.” അയാൾ പറഞ്ഞു.

“ഇല്ല, എനിക്ക് പോകണം. ഇനി എനിക്ക് യാതൊരു സമ്മാനവും ആവശ്യമില്ല. കാരണം ഞാൻ വലിയ ധനികനാണ്. എന്നെക്കാൾ ധനവാനായ ആരും ഈ രാജ്യത്തില്ല. അറിവ് അഥവാ വിജ്ഞാനമാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ധനം. അത് വായനയിലൂടെയാണ് ലഭിക്കുന്നത്. ആ ധനം ഞാൻ നേടിക്കഴിഞ്ഞു.”

അങ്ങിനെ അയാൾ തന്റെ പുസ്തകങ്ങളെടുത്ത് തടവറയിൽനിന്ന് വീട്ടിലേക്കു പോയി.

കൂട്ടുകാരേ, ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്. ‘വിദ്യാധനം സർവധനാൽ പ്രധാനം.’ അത് നമുക്ക് വായനയിലൂടെ ലഭിക്കുന്നു.


# ബാലസാഹിത്യപുരസ്കാരം 2023

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപിച്ച 2023ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ നേടിയവർ

### സി ജി ശാന്തകുമാർ സമഗ്രസംഭാവന പുരസ്കാരം



**ഉല്ലല ബാബു**








**കെ വി മോഹൻകുമാർ**(*കഥ - ഉണ്ടക്കണ്ണന്റെ കാഴ്ചകൾ*), **ദിവാകരൻ വിഷ്ണുമംഗലം**(*കവിത - വെള്ള ബലൂൺ*), **സാഗാ ജെയിംസ്**(*ശാസ്ത്രം - ശാസ്ത്രമധുരം*), **ഡോ. ടി ഗീനാകുമാരി**(*വൈജ്ഞാനികം - മാർക്സിയൻ അർത്ഥശാസ്ത്രം കുട്ടികൾക്ക്*), **ശ്രീചിത്രൻ എം ജെ**(*വൈജ്ഞാനികം-ഇതിഹാസങ്ങളെത്തേടി*),







**സെബാസ്റ്റ്യൻ പള്ളിത്തോട്**(*ജീവചരിത്രം - വൈക്കം മുഹമ്മദ് ബഷീർ ഉമ്മിണി വല്യ ഒരാൾ*), **ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി**(*പുനരാഖ്യാനം-രാവണൻ*), **സാബു കോട്ടുക്കൽ**(*നാടകം - പക്ഷിപാഠം*), **ബോബി എം പ്രഭ** (*ചിത്രീകരണം - ആദം ബർസ*), **പൂർണ്ണ പബ്ലിക്കേഷൻ**(*പ്രൊഡക്ഷൻ - ബുദ്ധവെളിച്ചം*)

ശാസ്ത്രം

# ക്വാറന്റൈന്റെ കഥ

ഡോ. അരുൺകുമാർ കെ വി

**രസകരമായൊരു ക്വാറന്റൈൻ നടന്നത് 1969ലാണ്. അപ്പോളോ 11 ദൗത്യത്തിലൂടെ ചന്ദ്രനിൽ ആദ്യമായി ഇറങ്ങിയ മനുഷ്യർ തിരികെ ഭൂമിയിലെത്തിയത് ജൂലൈ 24നായിരുന്നു. തിരിച്ചെത്തിയ അവർക്ക് നേരിട്ട് വീട്ടിൽ പോകാനോ പുറത്തിറങ്ങി നടക്കാനോ മറ്റു മനുഷ്യരോട് ഇടപഴകാനോ ഒന്നും അനുവാദമുണ്ടായിരുന്നില്ല.**

പണ്ടു കാലത്തെ പേടിസ്വപ്നമായിരുന്നു, വസൂരി. രോഗം ബാധിച്ച വ്യക്തിയെ ഒറ്റപ്പെട്ട പ്രദേശത്തേക്കു മാറ്റി പാർപ്പിക്കുകയായിരുന്നു അക്കാലത്തുള്ളവർ ചെയ്തിരുന്നത്. അങ്ങനെ ആ രോഗം മറ്റുള്ളവരിലേക്കു പകരുന്നതിനെ പ്രതിരോധിക്കുക. ഒരു നാടിനെ രോഗഭീതിയിൽ നിന്നു കരകയറ്റാൻ അന്ന് ഒരു പരിധിവരെ ഇങ്ങനെ സാധിച്ചിരുന്നു. ക്വാറന്റൈൻ എന്ന, ഏറ്റവും ലളിതമായ രോഗപ്രതിരോധ രീതിയായിരുന്നു ഇത്. പിൽക്കാലത്ത് വാക്സിനേഷനിലൂടെയാണ് വസൂരിയെ ലോകത്തുനിന്ന് തുടച്ചുനീക്കിയത്.

രോഗം ബാധിച്ച വ്യക്തിയെ മാറ്റിപ്പാർപ്പിക്കുന്ന ആ പരിപാടി പിന്നീടു നമ്മൾ വ്യാപകമായി കാണുന്നത് കൊവിഡ് വ്യാപനത്തിലാണ്. രോഗബാധിതരിൽനിന്ന് അകലം പാലിക്കുക, അതുവഴി പകർച്ചവ്യാധി തടയുക എന്നതാണ് ക്വാറന്റൈന്റെ ലക്ഷ്യം. നാൽപതു ദിവസം എന്ന അർത്ഥമുള്ള വെനീഷ്യൻ പദത്തിൽനിന്നാണ് ഈ വാക്ക് ഉണ്ടായത്. ബ്ലാക് ഡെത്ത് പകർച്ചവ്യാധി സമയത്ത് യാത്രക്കാർക്കും ജോലിക്കാർക്കും കരയിലേക്കു പോകുന്നതിനു മുമ്പായി 40 ദിവസം ഒറ്റപ്പെട്ട് കഴിയേണ്ടിവന്നിരുന്നു. അതിർത്തിനിയന്ത്രണത്തിന്റെ ഭാഗമായും ഒരു രാജ്യത്തിനകത്തും മനുഷ്യർക്കും വിവിധതരം മൃഗങ്ങൾക്കും ഒക്കെ പല കാലത്തും ക്വാറന്റൈൻ അനുഭവിക്കേണ്ടി വരാറുണ്ട് .

വസൂരിക്കാലത്തും മറ്റും ഉപയോഗിച്ചിരുന്ന ആ രോഗപ്രതിരോധ രീതിക്ക് വർഷങ്ങൾക്കിപ്പുറവും പ്രസക്തി ഒട്ടുംതന്നെ കുറഞ്ഞിട്ടില്ല. അതിനുദാഹരണമായിരുന്നു നിപയും കൊറോണയുമൊക്കെ. പക്ഷേ രോഗഭീതി കുറയ്ക്കാനാണ് ക്വാറന്റൈൻ നടപടി സ്വീകരിച്ചതെങ്കിലും അത് ഉണ്ടാക്കിയ മാനസിക സമ്മർദം വളരെ വലുതായിരുന്നു. സാമൂഹിക ജീവിയായ മനുഷ്യൻ ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കേണ്ടതായി വന്നു. വിഷാദം, ആത്മഹത്യാ പ്രവണതയുമൊക്കെ അതിന്റെ അനന്തരഫലമായി മനുഷ്യനെ വേട്ടയാടി.



ഏതാനും ദിവസങ്ങൾ അവർക്കും ക്വാറന്റൈനിൽ കഴിയേണ്ടിവന്നു. ചന്ദ്രനിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികളോ മറ്റോ ഭൂമിയിലെത്തുമോ എന്ന ഭയമായിരുന്നു ഈ മുൻകരുതലിനു കാരണം. അമേരിക്കൻ പ്രസിഡന്റ് അവരെ സന്ദർശിച്ചപ്പോഴും അവർ തങ്ങളുടെ ക്വാറന്റൈൻ സംവിധാനത്തിന് ഉള്ളിലായിരുന്നു.



അപ്പോളോ 11 യാത്രികരെ കാണുന്ന അമേരിക്കൻ പ്രസിഡന്റ്

Image: NASA

പുറത്തിറങ്ങാനാവാതെ തന്റെ സഞ്ചാര സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന സാഹചര്യംവരെ മനുഷ്യനുണ്ടായി. പ്രിയപ്പെട്ടവരിൽനിന്നും മാറിനിൽക്കേണ്ടി വന്ന അവസ്ഥ ഏവരിലും അസ്വസ്ഥത ഉണ്ടാക്കി. എങ്കിലും രോഗപ്പകർച്ച നിയന്ത്രിക്കുന്നതിൽ ക്വാറന്റൈൻ വഹിച്ച പങ്ക് വളരെ വലുതാണ്. പ്രശ്നങ്ങളുണ്ടായിരുന്നെങ്കിലും ലോകത്തെ കാർന്നുതിന്ന മഹാമാരിയിൽനിന്നു രക്ഷനേടാൻ ക്വാറന്റൈൻ നമ്മളെ പ്രാപ്തമാക്കി എന്നു പറയാം.

ക്വാറന്റൈൻ എന്ന പദം മലയാളികൾക്ക് സുപരിചിതമായിട്ട് ഏതാനം വർഷങ്ങളേ ആയിട്ടുള്ളൂ. അതിഭീകരമായ കൊറോണക്കാലം കേരളക്കരയെയാകെ ഭീതിയിലാഴ്ത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് ക്വാറന്റൈനിന്റെ പ്രാധാന്യം ജനങ്ങൾ ഉൾക്കൊണ്ടത്. എന്നാൽ മുൻകാലങ്ങളിലും പകർച്ചവ്യാധികളെ പ്രതിരോധിക്കാനായി ക്വാറന്റൈൻ മാർഗം സ്വീകരിച്ചിരുന്നു.

## ക്വാറന്റൈന്റെ നാൾവഴികൾ

ക്വാറന്റൈൻ എന്ന വാക്കൊക്കെ പ്രചാരത്തിൽ വരുന്നതിനും മുമ്പ് പ്രാചീനകാലത്തും മനുഷ്യർ ക്വാറന്റൈനു വിധേയമായതായി പറയപ്പെടുന്നുണ്ട്. രോഗം വന്നവരെ ചികിത്സപോലും നൽകാതെ ഒറ്റപ്പെടുത്തുന്ന ഏറെ പ്രാകൃതമായ രീതികളൊക്കെ അന്നു നടന്നിട്ടുണ്ടാകും. ആധുനികകാലത്തെ ക്വാറന്റൈൻ ചരിത്രത്തിൽ ആദ്യത്തേത് എന്നു പറയാവുന്നത് യെല്ലോ ഫീവർ സമയത്തെ ക്വാറന്റൈനാണ്. 1793-ൽ ഫിലാഡൽഫിയയിൽ യെല്ലോ ഫീവർ പിടിപെട്ടു. നാവികർ നഗരത്തിനു പുറത്തുള്ള ഒരു ആശുപത്രിയിൽ ക്വാറന്റൈനിലായി.

1892-ൽ ന്യൂയോർക്ക് സിറ്റിയിൽ ടൈഫസ് വന്നപ്പോൾ, 70 പേരെയെങ്കിലും അടുത്തുള്ള ഒരു ദ്വീപിൽ ക്വാറന്റൈനിൽ സൂക്ഷിച്ചിരുന്നു. രണ്ടു ദശാബ്ദം മുമ്പ്, 2003-ൽ കാനഡയിൽ SARS (സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം) പൊട്ടിപ്പുറപ്പെട്ടപ്പോൾ, ടൊറന്റോയിൽ ഏകദേശം 30,000 ആളുകൾ ക്വാറന്റൈനിലായി. 2014-ൽ പശ്ചിമാഫ്രിക്കയിൽ എബോള പൊട്ടിപ്പുറപ്പെട്ടപ്പോൾ, ബാധിത പ്രദേശങ്ങളിൽ നിന്ന് അമേരിക്കയിലേക്കു മടങ്ങുന്ന ആരോഗ്യ പ്രവർത്തകരും ക്വാറന്റൈൻ ചെയ്യപ്പെട്ടു.

# അതിമോഹം ആപത്ത്

## എൻ റസിയ

**ഇത് കുഞ്ഞുകുട്ടികൾക്ക് വായിച്ചുകൊടുക്കാനുള്ള കഥയാണ്. അനിയത്തിമാർക്കും അനിയന്മാർക്കും കഥ വായിച്ചുകൊടുത്ത് അവർക്കൊപ്പം കഥ ആസ്വദിക്കൂ.**

മണിഗ്രാമത്തിൽ പാവപ്പെട്ട ഒരു കർഷകൻ ഉണ്ടായിരുന്നു. പേര് രാമു. എന്നും രാവിലെ സൂര്യനുദിക്കുമ്പോൾ അയാൾ വയലിൽ പോകും. നല്ല അധ്വാനിയായ കർഷകൻ ആയിരുന്നു അവൻ. എല്ലാ ജീവജാലങ്ങളോടും നല്ല സ്നേഹമായിരുന്നു രാമുവിന്. ദിവസവും അയാളുടെ വീട്ടുമുറ്റത്ത് ധാരാളം പക്ഷികളും പൂച്ച, നായ, അണ്ണാൻ തുടങ്ങിയ ജീവികളൊക്കെയും വരുമായിരുന്നു. അവർക്ക് ധാന്യങ്ങളും പഴങ്ങളുമൊക്കെ രാമു കൊടുക്കും.

കിങ്ങിണിത്തത്തയെ ആയിരുന്നു കൂട്ടത്തിൽ രാമുവിന് ഏറെ ഇഷ്ടം. കിങ്ങിണിക്ക് നന്നായി സംസാരിക്കാനും പാടാനുമുള്ള കഴിവുണ്ടായിരുന്നു. ഭക്ഷണം കൊടുക്കുമ്പോൾ രാമുവിന്റെ കൈയിലും ചുമലിലും വന്നിരിക്കുക അവളുടെ പതിവാണ്. ചുവന്ന കൊക്കും കണ്മഷി എഴുതിയ കണ്ണുകളും കഴുത്തിൽ വട്ടത്തിൽ മാലയിട്ടതുപോലെ ചുവന്ന തൂവലും മഞ്ഞകലർന്ന പച്ചനിറത്തോടെയുള്ള അവളുടെ രൂപവും കാണുമ്പോൾ മറ്റു പക്ഷികൾക്ക് അവളോട് അസൂയ തോന്നുമായിരുന്നു.

'രാമൂ... എനിക്ക്, എനിക്ക്' എന്ന് കിങ്ങിണിത്തത്ത ഇടയ്ക്കിടെ ചിലച്ചുകൊണ്ടേയിരിക്കും. രാമു വയലിലേക്ക് പോകുമ്പോൾ അവൾ നീട്ടി വലിച്ചുപറയും:

“രാമൂ രാമൂ പോവല്ലേ
എന്നെ കൂടെ കൂട്ടാമോ
എന്നെ കൂടെ കൂട്ട്യാലോ
പാട്ടുകൾ പാടി രസി-
-പ്പിക്കാം.”

എന്നാൽ രാമു ഒരിക്കലും ആരെയും വയലിൽ കൊണ്ടുപോകാറില്ല. ഒരു ദിവസം പതിവുപോലെ രാമു പാടത്തേക്കു പുറപ്പെട്ടു. എല്ലാം ജീവികളും രാമുവിന് ചുറ്റും കൂടി. കിങ്ങിണിത്തത്ത രാമുവിന്റെ വലത്തേ കൈയിൽ വന്നിരുന്ന് കൊഞ്ചിപ്പറഞ്ഞു:

“രാമൂ രാമൂ പോവല്ലേ
എന്നെ കൂടെ കൂട്ടാമോ
എന്നെ കൂടെ കൂട്ട്യാലോ
സമ്മാനം ഞാൻ തന്നീടാം.”

അതു കേട്ടപ്പോൾ രാമുവിനു കൗതുകമായി. കിങ്ങിണിത്തത്ത എന്തു സമ്മാനമായിരിക്കും എനിക്കു തരുന്നത്.



വര: ബോബി എം പ്രഭ

അയാൾ ചിന്തയിലാണ്ടു. അവസാനം കിങ്ങിണിയെയും കൂടെ കൂട്ടാൻ തീരുമാനിച്ചു.

കിങ്ങിണി സന്തോഷം കൊണ്ട് രാമുവിനു ചുറ്റും ചിറകടിച്ചു പറക്കാൻ തുടങ്ങി. ഇതു കണ്ടപ്പോൾ ജീവികളെല്ലാം സന്തോഷത്തോടെ നൃത്തം ചെയ്യാൻ തുടങ്ങി.

അങ്ങനെ രാമുവും കിങ്ങിണിയും പാടത്തെത്തി. രാമുവിന്റെ കഠിനാധ്വാനവും കഷ്ടപ്പാടും കിങ്ങിണിത്തത്ത കാണുന്നുണ്ടായിരുന്നു.

'പാവം രാമു. എന്തു നല്ല മനുഷ്യൻ. ഇങ്ങനെ അധ്വാനിച്ചു കിട്ടുന്നതിൽ നിന്നല്ലേ അയാൾ ഞങ്ങൾക്കു തരുന്നത്.' കിങ്ങിണി ചിന്തയിലാണ്ടു. രാമുവിനെ സന്തോഷിപ്പിക്കാൻ അവൾ മധുരമായി പാട്ടു പാടി.

"രാമൂ രാമൂ ചങ്ങാതീ...
നിന്നുടെ വിഷമം
കാണുന്നൂ,
കഷ്ടപ്പാടുകൾ തീർക്കാ-
നായ്
കിങ്ങിണിത്തത്ത
പോകുന്നൂ."

ഇങ്ങനെ പാടിക്കൊണ്ട് കിങ്ങിണിത്തത്ത ദൂരേക്ക് പറന്നുപോയി. കിങ്ങിണി പോകുന്നത് കണ്ടപ്പോൾ രാമുവിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അയാൾ വാവിട്ട് കരയാൻ തുടങ്ങി.

കുറച്ചു കഴിഞ്ഞപ്പോൾ കിങ്ങിണി തിരിച്ചുവന്നു. അവളുടെ ചുണ്ടിൽ ഒരു സ്വർണ്ണത്തൂവൽ ഉണ്ടായിരുന്നു. അത് രാമുവിനു കൊടുത്തിട്ട് അവൾ പറഞ്ഞു:

"രാമൂ, ഇത് സ്വർണ്ണത്തൂവലാണ്. ഇതു കൊണ്ടുപോയി വീട്ടിൽ വെച്ചാൽ നിന്റെ എല്ലാ വിഷമങ്ങളും മാറും. വരൂ നമുക്ക് വീട്ടിൽ പോകാം. ഇനി മുതൽ രാമു ജോലിയൊന്നും ചെയ്യേണ്ട." കിങ്ങിണിത്തത്ത പറഞ്ഞു.

രാമു വീട്ടിലെത്തി ഭാര്യയോട് എല്ലാ കാര്യങ്ങളും പറഞ്ഞു. അവൾ ആ തൂവൽ ഭദ്രമായി സൂക്ഷിച്ചുവച്ചു. പക്ഷേ അധ്വാനശീലനായ രാമു എല്ലാ ദിവസവും ജോലിക്ക് പോകുമായിരുന്നു. അതു കാണുമ്പോൾ കിങ്ങിണിത്തത്ത സന്തോഷത്തോടെ ചിലയ്ക്കും!

ദിവസങ്ങൾ കഴിയുംതോറും രാമുവിന് കൃഷിയിൽ ധാരാളം വിളവു ലഭിക്കാൻ തുടങ്ങി. മിച്ചം വന്നവ അങ്ങാടിയിൽ കൊണ്ടുപോയി വിൽക്കാനും തുടങ്ങി. താമസിയാതെ രാമു ധനികനായ വ്യാപാരിയായി മാറി. വിഷമങ്ങളും മാറി. എന്നാലും അയാൾ ജോലി ചെയ്യുമായിരുന്നു.

ഇതെല്ലാം കണ്ട് ആർത്തിയോടെ നോക്കുന്ന അയൽക്കാരനുണ്ടായിരുന്നു രാമുവിന്. പേര് കോമു. രാമു ഇത്രയും പെട്ടെന്ന് പണക്കാരൻ ആയത് കോമുവിന് സഹിക്കാൻ പറ്റിയില്ല. വലിയ മടിയനാണ് കോമു. ജോലിയൊന്നും ചെയ്യില്ല. തീറ്റയും ഉറക്കവുംതന്നെ.

രാമുവിന്റെ രഹസ്യം പിടികിട്ടിയ കോമു രാമു ചെയ്യുന്നതുപോലെ എല്ലാ കാര്യങ്ങളും ചെയ്യാൻ തീരുമാനിച്ചു. മടിയനെങ്കിലും രാവിലെ മനസ്സില്ലാമനസ്സോടെ എഴുന്നേൽക്കാൻ തുടങ്ങി. പ്രാവുകൾക്കും പക്ഷികൾക്കുമെല്ലാം പ്രാകിക്കൊണ്ട് ഭക്ഷണം കൊടുക്കും. അനുസരിക്കാത്തവരെ ദ്രോഹിക്കുകയും ചെയ്യും. നീലിത്തത്തയോട് അയാൾ അമിതമായ സ്നേഹം അഭിനയിക്കാനും മറന്നില്ല.

ഒരു ദിവസം കോമു നീലിത്തത്തയെ ബലമായി പിടിച്ച് തന്റെ കക്ഷത്തിൽവെച്ച് ആയുധങ്ങളുമായി വയലിലേക്ക് പുറപ്പെട്ടു. എന്നിട്ട് നന്നായി അധ്വാനിക്കുന്നതു പോലെ അഭിനയിച്ചു. ശേഷം തത്തയോടു പറഞ്ഞു:

"നീലീ നീലീ പൊൻതത്തേ
എവിടേ നിന്റെ പൊൻ
തൂവൽ
വേഗം തരിക നിൻ തൂവൽ
അല്ലെങ്കിൽ ഞാൻ
കൊന്നീടും."

നീലിത്തത്ത സമ്മതം ഭാവിച്ച് തലകുലുക്കി. ഈ ദുഷ്ടനെ ഒരു പാഠം പഠിപ്പിക്കണമെന്ന് അവൾ മനസ്സിലുറച്ചു. തന്റെ കൂട്ടുകാരുടെ അടുത്തെത്തി അവർ രഹസ്യമായി ചില ചർച്ചകൾ നടത്തി.

ഒടുവിൽ അവരുടെ സംഘം കൂട്ടത്തോടെ വന്ന് കോമുവിനു ചുറ്റും പറക്കാൻ തുടങ്ങി.

സ്വർണ്ണത്തൂവൽ കിട്ടാത്ത ദേഷ്യത്തിൽ അയാൾ അവരെ വഴക്കുപറഞ്ഞ് ഓടിക്കാൻ നോക്കി.

പക്ഷേ അതോടെ തത്തകൾ കൂട്ടത്തോടെ കോമുവിനെ ആക്രമിക്കാൻ തുടങ്ങി. കോമുവിന്റെ കണ്ണിലും മുഖത്തുമെല്ലാം അവർ ആഞ്ഞു കൊത്തി. കണ്ണുകൾ തുറക്കാൻ കഴിയാതെ അയാൾ അലറിവിളിച്ചു കരഞ്ഞുകൊണ്ട് ആ വയലിൽ കമിഴ്ന്നടിച്ചു വീണു.

ഒരു അത്യാഗ്രഹിക്ക് ശിക്ഷ കൊടുത്ത സന്തോഷത്തോടെ തത്തകൾ എല്ലാം തന്നെ കൂട്ടത്തോടെ പറന്നകന്നു.

**രാമുവിന്റെ രഹസ്യം പിടികിട്ടിയ കോമു രാമു ചെയ്യുന്നതുപോലെ എല്ലാ കാര്യങ്ങളും ചെയ്യാൻ തീരുമാനിച്ചു. മടിയനെങ്കിലും രാവിലെ മനസ്സില്ലാമനസ്സോടെ എഴുന്നേൽക്കാൻ തുടങ്ങി. പ്രാവുകൾക്കും പക്ഷികൾക്കുമെല്ലാം പ്രാകിക്കൊണ്ട് ഭക്ഷണം കൊടുക്കും. അനുസരിക്കാത്തവരെ ദ്രോഹിക്കുകയും ചെയ്യും. നീലിത്തത്തയോട് അയാൾ അമിതമായ സ്നേഹം അഭിനയിക്കാനും മറന്നില്ല.**

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

# മിന്നുവും കുഞ്ഞിപ്രാവും

**ഹവ സഹീർ**
ക്ലാസ് 4
ജി യു പി എസ് പായിപ്ര,
മൂവാറ്റുപുഴ,
എറണാകുളം



വര: സചീന്ദ്രൻ കാറഡ്ക്ക



ഒരു ദിവസം മിന്നു സ്കൂളിൽ നിന്നു വരുന്നവഴി ഒരു പ്രാവ് കരയുന്നതു കേട്ടു.

അവൾ പ്രാവിനോടു ചോദിച്ചു:

"എന്തിനാ നീ കരയുന്നത്?"

അപ്പോൾ പ്രാവ് പറഞ്ഞു:

"എന്റെ അമ്മയെ കാണാനില്ല. എനിക്ക് വേറെ ആരുമില്ല. നീ എന്നെ സഹായിക്കാമോ?"

"അതിനെന്താ, നമുക്കു കണ്ടുപിടിക്കാമല്ലോ..."

മിന്നു പ്രാവിനെ സമാധാനിപ്പിച്ചു.

"നമുക്ക് വയലിൽ പോയി നോക്കാം."

മിന്നുവും പ്രാവും വയലിലേക്കു യാത്രയായി.

"അയ്യോ, അമ്മേ... എന്താ അമ്മയ്ക്കു പറ്റിയത്?"

കുഞ്ഞിപ്രാവ് അമ്മയുടെ അരികിലേക്കു പറന്നു.

"കാലിൽ ഒരു മുള്ളു കയറി. വേദന സഹിക്കാൻ കഴിയാതെ ഇവിടെ ഇരുന്നതാണ്."

"ഞാൻ നിന്നെ സഹായിക്കാം." മിന്നു പറഞ്ഞു.

അവൾ പ്രാവിന്റെ കാലിലെ മുള്ളെടുത്തു.

പ്രാവും കുഞ്ഞും മിന്നുവിനോടു നന്ദി പറഞ്ഞു.

മിന്നു വീട്ടിലേക്കു പോയി. കുഞ്ഞിപ്രാവും അമ്മയും കൂട്ടിലേക്കും പോയി.

# വര

**അഫിൻ ജിനീഷ്**
ക്ലാസ് 8
ജി എച്ച് എസ് പെരിക്കല്ലൂർ
വയനാട്



# ഇതു മുറിയുന്നില്ലല്ലോ

**കൃഷ്ണഹരി എൻ**
ക്ലാസ് 5
വല്ലപ്പുഴ എച്ച് എസ് എസ്,
പാലക്കാട്






വര: സചീന്ദ്രൻ കാറഡ്ക്ക

പട്ടാപ്പകൽ ഏതോ ഒരു കറുത്ത രൂപം വാതിലിൽ വന്ന് മുട്ടി.

അമ്മ ഓടിച്ചെന്ന് വാതിൽ തുറന്നതും ആ കറുത്ത രൂപം അമ്മയെ വിഴുങ്ങാൻ തുടങ്ങി.

എത്ര നോക്കിയിട്ടും അമ്മയെ ആ കറുത്ത ജാക്കറ്റിന് പൊതിയാൻ പറ്റിയില്ല.

കാരണം അതിനറിയില്ലായിരുന്നു, അമ്മയുടെ ജീവനെടുത്താലും ഞാനും അമ്മയും തമ്മിലുള്ള രക്തബന്ധം മുറിക്കാനാവില്ലെന്ന്.

അവൻ വീണ്ടും അലറി വിളിച്ചു:

"ഇതു മുറിയുന്നില്ലല്ലോ..."

# വയൽ

നെല്ലു വിതച്ചൊരു വയൽ
സുന്ദരമാം ഒരു വയൽ
കാഴ്ചയിൽ ആനന്ദമേകും
വയലു കാണാൻ രസമാണേ.

വയലുനിരത്തി കെട്ടിടം പണിയെ
വയലുകൾ നമ്മുടെ കനവുകളാകെ
സുന്ദര വയലുകൾ ഇല്ലാതാകേ
ഉള്ളിൽ നിറയുന്നു വേദന.

**ദിൽഷിത്ത് ആർ**
ക്ലാസ് 4
സി എം എസ് എൽ പി എസ് മുഹമ്മ,
ആലപ്പുഴ



വര: സചീന്ദ്രൻ കാറഡ്ക്ക





# വര

**മാധവ് എം**
ക്ലാസ് 5
ജി എച്ച് എസ് എസ്
തേവന്നൂർ, കൊല്ലം

# പാൽപ്പായസം



വര: സചീന്ദ്രൻ കാറഡ്ക്ക

**ഹൻഫ കെ**
ക്ലാസ് 6
എ യു പി എസ് ചളവറ,
പാലക്കാട്

വീട്ടിലെങ്ങും പാൽപ്പായസത്തിന്റെ മണം. അടുക്കളയിലെങ്ങും വരിവരിയായി നടക്കുന്ന ഉറുമ്പുകൾ.

അമ്മ പാൽപ്പായസം ഇളക്കിക്കൊണ്ടിരിക്കെ ഒരിറ്റു താഴെ വീണു.

ഉറുമ്പുകളെല്ലാം സന്തോഷത്തോടെ അതിലേക്കെടുത്തുചാടി. പാൽപ്പായസം കുടിച്ചും അതിൽ കുളിച്ചും അവർ സന്തോഷം പ്രകടിപ്പിച്ചു, പാൽപ്പായസം ദേഹത്തുവീണ കുഞ്ഞനുറുമ്പൊഴികെ...

# വര

**ഹൃദ്യ ആർ**
ക്ലാസ് 6, എസ് എം വി യു പി എസ്
ചാത്തന്നൂർ, കൊല്ലം




**ദേവ്കൃഷ്ണ ലെനീഷ്**
ക്ലാസ് 6
സെയിന്റ് സെബാസ്റ്റ്യൻസ്
എ യു പി സ്കൂൾ, പടിച്ചിറ,
വയനാട്



# തളിര് സ്കോളർഷിപ്പ് 2023 സംസ്ഥാനതല വിജയികൾ

സീനിയർ വിഭാഗം





ജൂനിയർ വിഭാഗം





**കേ**രള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച തളിര് സ്കോളർഷിപ്പ് 2023 ന്റെ സംസ്ഥാനതല വിജയികളെ പ്രഖ്യാപിച്ചു. സീനിയർ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിലെ മടവൂർ എൻ എസ് എസ് എച്ച് എസ് എസ്സിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥി അനന്യ പി എസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജൂനിയർ വിഭാഗത്തിൽ കോഴിക്കോട് ജില്ലയിലെ കരുവൻപൊയിൽ ജി എം യു പി എസ്സിലെ ഏഴാം ക്ലാസ് വിദ്യാർത്ഥി അമൻ ഫയാസ് കെ ഒന്നാമതെത്തി.

സീനിയർ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ എസ് എ ടി ഹൈസ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥി കെ പി പൂജാലക്ഷ്മി രണ്ടാം സ്ഥാനവും മലപ്പുറം ജില്ലയിലെ കല്പകഞ്ചേരി ജി വി എച്ച് എസ് എസ്സിലെ പത്താം ക്ലാസ് വിദ്യാർത്ഥി പ്രബിൻ പ്രകാശ് വി മൂന്നാം സ്ഥാനവും നേടി.

ജൂനിയർ വിഭാഗത്തിൽ കണ്ണൂർ ജില്ലയിലെ കയരളം എ യു പി സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥി കൃഷ്ണവേണി എസ് പ്രശാന്ത് രണ്ടാം സ്ഥാനവും കൊല്ലം ജില്ലയിലെ ചവറ സൗത്ത് ജി യു പി എസ്സിലെ ആറാം ക്ലാസ് വിദ്യാർത്ഥി മീനാക്ഷി എ ആർ മൂന്നാം സ്ഥാനവും നേടി.

പതിനായിരം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് ഒന്നാം സ്ഥാനക്കാർക്ക് ലഭിക്കുക. 5000രൂപ, 3000രൂപ എന്നിങ്ങനെ രണ്ടും മൂന്നും സ്ഥാനക്കാർക്കും ലഭിക്കും. ഇതു കൂടാതെ സംസ്ഥാനത്തൊട്ടാകെ 2500ഓളം കുട്ടികൾക്ക് ജില്ലാതല സ്കോളർഷിപ്പായി 16ലക്ഷം രൂപയാണ് വിതരണം ചെയ്യുന്നത്. ജില്ലാതല പരീക്ഷയിൽ ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ കുട്ടികളാണ് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുത്തത്.

സംസ്ഥാനതല വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകുന്ന തീയതിയും സ്ഥലവും പിന്നീട് പ്രഖ്യാപിക്കും. ■



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# ബാലസാഹിത്യപുരസ്കാരങ്ങൾ 2023



**ഉല്ലല ബാബുവിന് സമഗ്രസംഭാവന പുരസ്കാരം ബഹു. സാംസ്കാരികവകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ സമ്മാനിക്കുന്നു.**

**കുട്ടികളാണ്** രാജ്യത്തിന്റെ ഭാവി എന്ന് ബഹു. സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപിച്ച സംസ്ഥാന ബാലസാഹിത്യ പുരസ്കാരങ്ങൾ ജേതാക്കൾക്കു സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മതത്തിന്റെയും ജാതിയുടെയും അന്ധവിശ്വാസങ്ങളുടെയും ആശയങ്ങൾ കുട്ടികളിലൂടെ നടപ്പിലാക്കുവാനുള്ള ശ്രമങ്ങളെ പ്രതിരോധിച്ച് ശാസ്ത്രം, യുക്തി, പുരോഗമനാശയങ്ങൾ എന്നിവ കുട്ടികളിലേക്കെത്തിക്കാൻ ശ്രമിക്കണം. അദ്ദേഹം കൂട്ടിച്ചേർത്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2023ലെ പുരസ്കാരങ്ങളാണ് മന്ത്രി സമ്മാനിച്ചത്.

സമഗ്രസംഭാവന പുരസ്കാരം ഉല്ലല ബാബു ഏറ്റുവാങ്ങി. കെ വി മോഹൻകുമാർ(കഥ - ഉണ്ടക്കണ്ണന്റെ കാഴ്ചകൾ), ദിവാകരൻ വിഷ്ണുമംഗലം(കവിത - വെള്ള ബലൂൺ), സാഗാ ജെയിംസ് (ശാസ്ത്രം - ശാസ്ത്രമധുരം), ഡോ. ടി ഗീനാകുമാരി(വൈജ്ഞാനികം-മാർക്സിയൻ അർത്ഥശാസ്ത്രം കുട്ടികൾക്ക്), ശ്രീചിത്രൻ എം ജെ (വൈജ്ഞാനികം-ഇതിഹാസങ്ങളെത്തേടി), സെബാസ്റ്റ്യൻ പള്ളിത്തോട്(ജീവചരിത്രം - വൈക്കം മുഹമ്മദ് ബഷീർ ഉമ്മിണി വല്യ ഒരാൾ), ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി(പുനരാഖ്യാനം -രാവണനൻ), സാബു കോട്ടുക്കൽ (നാടകം - പക്ഷിപാഠം), ബോബി എം പ്രഭ(ചിത്രീകരണം - ആദംബർസ), പൂർണ്ണ പബ്ലിക്കേഷനുവേണ്ടി കെ ശ്രീകുമാർ(പ്രൊഡക്ഷൻ - ബുദ്ധവെളിച്ചം) എന്നിവർ മറ്റു പുരസ്കാരങ്ങളും ഏറ്റുവാങ്ങി സംസാരിച്ചു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. സാംസ്കാരികവകുപ്പു ഡയറക്ടർ എൻ മായ ഐ എഫ് എസ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ എം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സുജ സൂസൻ ജോർജ്ജ്, എം ജി കോളെജ് അസിസ്റ്റന്റ് പ്രൊഫസർ എൻ കെ സുനിൽകുമാർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിനോദ് കെ എന്നിവരും പുരസ്കാരജേതാക്കളും സംസാരിച്ചു. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/1970 February 2024
Regd KL/TV (N)/399/2021-2023 Published on 29-01-2024 Vol:31, Issue: 2, ₹25

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി**
**ആയി അയക്കുക.**

**Account Number : 30583524448**
**IFS Code : SBIN0004360**
**Bank: SBI - SPL PBB, Thiruvananthapuram**

## ഓൺലൈനിൽ പണമടയ്ക്കാൻ

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത് / ഇമെയിൽ (thaliru@ksicl.org) കൂടി അയക്കണം.
**8547971483** എന്ന നമ്പറിലേക്ക്
വാട്സ്ആപ്പ് ആയും റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.

